
2022
നവംബർ

ഒറ്റ പ്രതി : ₹15
Pages 08
Vol: 13
Issue : 11

ക്രിസ്തീയ ദർശനം
ഒരു ബ്രദറൺ സഭാ വാർത്താ പത്രം
സത്യവചനം » സാഹോദര്യം » സ്വാതന്ത്ര്യം » സഹവർത്തിത്വം

CHRISTHEEYA DARSHANAM
വാർഷിക വരിസംഖ്യ ₹180
Published From **Vadasserikkara**
Reg. No. KER/BIL/2008/26466
Postal Reg. No.
KL / PTA / 89 / 2020-2022

# BRETHREN DISTINCTIVES





Dr. Johnson C. Philip

The doctrine of Trinity states that "We believe in one God, who eternally exists in three persons". While human logic often defies an understanding of this doctrine at a human level, this is one doctrine that is strongly believed by all the major streams of Christianity, including the Protestant, the Roman Catholic, and the Eastern Orthodox.

Of course, every Christian knows about the Father, the Son, and the Holy Spirit. They are three distinct persons, yet God is one. The Godhood of the Father is a theme found throughout the Bible. For example, "Work not for the food which perisheth, but for the food which abideth unto eternal life, which the Son of Man shall give unto you: for him the Father, even God, hath sealed" (John 6:27). Godhood of Lord Jesus Christ is also mention in numerous places including John 1:1, Romans 9:5 and 1 John 5:20.

Coming to Holy Spirit, many people think of Him only as a power, but as we study the Bible carefully, it becomes obvious that all the attributes of God are ascribed to the Holy Spirit also. Eternity: Hebrews 9:14, Omniscience: 1 Corinthians 2:10, Omnipresence: Psalm 139:7, Holiness: all passages that apply the term "holy" to the Spirit, Truth: John 16:13, Love: Romans 15:30. Thus it is obvious that the Holy Spirit is a per-

▶▶7

# ധീരപോരാളി
## കർത്തൃസന്നിധിയിൽ


സുവി. കെ.സി. ഗബ്രിയേൽ

സുവിശേഷ രണാങ്കണത്തിൽ അരനൂറ്റാണ്ടോളം പടനയിച്ച ധീരനായ സുവിശേഷകൻ കെ.സി. ഗബ്രിയേൽ, സൈന്യങ്ങളുടെ യഹോവയുടെ സന്നിധിയിൽ എത്തിച്ചേർന്നു. തെരുക്കോണുകളിൽ നിർലജ്ജം ക്രിസ്തുവിന്റെ സാക്ഷ്യം അനവരതം പ്രഘോഷിക്കുകയും വ്യക്തിഗതമായി സുവിശേഷ സന്ദേശം അനുദിനം പ്രചരിപ്പിക്കുകയും ചെ യ്ത നിസ്വാർത്ഥനായ കർത്തൃദാസൻ ക്രിസ്തീയദർശനം പത്രത്തിന്റെ അഭ്യുതയകാംക്ഷിയും സഹകാരിയുമായിരുന്നു.

ദൈവദാസന്റെ വിയോഗത്തിൽ പത്രാധിപസമിതി അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. സന്തപ്തകുടുംബാംഗങ്ങളെ സർവ്വാശ്വാസത്തിന്റേയും ഉടമസ്ഥനായ ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# യോസേഫിന്റെ
## ജീവിതവിശുദ്ധി- നമുക്കൊരു മാതൃക




ജെയിംസ് എം. തോമസ്

യോസേഫിന്റെ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ടതായി ഈ ലേഖകൻ ചിന്തിക്കുന്ന ഒരു തിരുവചനഭാഗത്തേക്കാണ് അനുവാചകരെ കൊണ്ടുപോകുവാൻ ആഗ്രഹിക്കുന്നത്. ഉല്പത്തി 41;45; യേസേഫ് മിസ്രയീം ദേശത്ത് സഞ്ചരിച്ചു. 46-ാം വാക്യത്തിൽ അദ്ദേഹം കണ്ട വിവരങ്ങൾ നമുക്കു കാണാം. "യോസേഫ് ഫറവോന്റെ സന്നിധാനത്തിൽ നിന്നു പുറപ്പെട്ട് മിസ്രയീം ദേശത്തൊക്കെയും സഞ്ചരിച്ചു." എന്തിനായിരുന്നു ഈ സഞ്ചാരം? രണ്ട് ഉത്തരങ്ങളാണ് പ്രധാനമായും ഹൃദയത്തിലേക്ക്

▶▶7

# ആത്മീയന്റെ ശത്രുക്കൾ
## ലോകം, ജഡം, പിശാച്


റെജി ഈട്ടിമൂട്ടിൽ

ക്രിസ്തീയ വേദോപദേശങ്ങളിൽ അതീവ ഗൗരവമേറിയ ഒരു പഠനവിഷയമാണ് 'ആത്മീയന്റെ ശത്രുക്കൾ' എന്നത്. ദൃശ്യമോ, ശാരീരികമോ, സൈദ്ധാന്തികമോ അല്ല; അദൃശ്യവും ആത്മീകവും വസ്തുതാപരവുമാണ്.

സർവ്വശക്തനായ ദൈവത്തോടു മത്സരിക്കുവാൻ മടിയില്ലാത്തതും, ഏതൊരു ആത്മീകനെയും ആത്മീകസോപാനങ്ങളിൽ നിന്നും താഴെ ഇറക്കുവാൻ കരുത്തുള്ളതും, സദാ സമയവും സജീവമായുള്ളതുമാണ് ലോകം, ജഡം, പിശാച് എന്ന ഈ ശത്രുത്രയങ്ങൾ.

### ദൈവജനം

പരിപാലനത്തിനായി ദൈവത്തിന്റെ ആട്ടിൻ കൂട്ടമാണ്,(യോഹ.10:9-28) ഫലമേകാൻ സാക്ഷാൽ മുന്തിരിവള്ളിയിലെ കൊമ്പുകളും (യോഹ.15:1-3) സ്വർഗ്ഗം പൂകുവാൻ മണ്ണിൽ നിന്നും വിണ്ണിലേക്കുള്ള തീർത്ഥാടകരും (ഫിലി.2:23) വിരുത് പ്രാപിക്കുവാൻ ഓട്ടക്കളത്തിൽ ഓടുന്നവരുമാണ്, (1കൊരി.9:24-27) അപ്പോൾ തന്നെ ആത്മീക പോർക്കളത്തിൽ ദൈവത്തിന്റെ സർവ്വായുധങ്ങൾ ധരിച്ചുനിൽക്കുന്ന പടയാളികളുമാണ് (എഫെ.6:11-19).

ആത്മീക ജീവിതം ഒരു യുദ്ധക്കളമാണ്. വീണ്ടും ജനനത്താൽ ആ യുദ്ധഭുമിയിലാണ് ദൈവമക്കൾ പിറന്നുവീഴുന്നതു തന്നെ. ക്രിസ്തുവിൽ നിദ്രപ്രാപിക്കും വരെ അടരാടേണ്ടതാണവർ. നമുക്കു പോരാട്ടമുള്ളതു ജഡ രക്തങ്ങളോടല്ല, വാഴ്ചകളോടും, അധികാരങ്ങളോടും, ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും, സ്വർലോകത്തിലെ ദുഷ്ടാത്മസേനകളോടും അത്രേ (എഫെ. 6:12). ഈ പോരാട്ടത്തിന്റെ ആയുധങ്ങളും ജഡീകങ്ങൾ അല്ല കോട്ടകളെ ഇടിക്കുവാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നെ (2കൊരി.10:4).

ആത്മീക പോർക്കളത്തിൽ വിജയംവരിക്കാൻ ശത്രുവിനെയും തന്ത്രങ്ങളെയും ആയുധങ്ങളെയും തിരിച്ചറിയാൻ ആവശ്യമുണ്ട്.

▶▶3

മുഖപ്രസംഗം

# ബ്രദറൺ – തെളിമയുടെ ഉപദേശം



കൊറോണയ്ക്ക് ശേഷം വ്യാവസായിക വ്യാപാരരംഗങ്ങളിൽ പുത്തൻ ഉണർവ്വ് ലോകം ദർശിക്കുകയാണ്. ആത്മീയ രംഗത്തും അതേ ഉണർവ്വ് കാണപ്പെടുന്നു. പരസ്യസുവിശേഷീകരണം പുനരാംരംഭിച്ചു. വിശ്വാസ സമൂഹം ആവേശത്തോടെ കാര്യങ്ങൾ ക്രമീകരിക്കുന്നു എങ്കിലും ശ്രോതാക്കളുടെ പങ്കാളിത്വം തുലോം കുറവാണ്. പല കാരണങ്ങൾ ഇതിന് ഉണ്ടാവാം. ബ്രദറൺ സമൂഹത്തിൽ മാത്രം ഒതുങ്ങി നിന്ന് ചിലകാര്യങ്ങൾ ഹ്യസ്വമായി പറയാൻ ആഗ്രഹിക്കുന്നു.

വേദപുസ്തക ഉപദേശസത്യങ്ങൾക്ക് വേണ്ടി ജീവതത്തിൽ പലതും ത്യജിക്കേണ്ടിവന്ന ഒരു അനുഗ്രഹീത തലമുറയുടെ പിൻമുറക്കാരും, തെളിമയുള്ള ഉപദേശ സത്യങ്ങളുടെ കലവറക്കാരുമാണ് ബ്രദറൺ സമൂഹം. വൈവിധ്യമാർന്നതും വിരുദ്ധ ഉപദേശങ്ങളാൽ മറ്റുള്ളവർക്ക് ഇഴച്ച് കൊണ്ടുപോകുവാൻ പാകത്തിൽ ഹൃദയ ഉറപ്പില്ലാത്ത കൂട്ടരല്ല ബ്രദറൺ വിശ്വാസികൾ. വേദപുസ്തകത്തെ സ്വന്തം താല്പര്യങ്ങൾക്ക് അനുസരണമായി വ്യാഖാനിക്കുന്ന ഇതര ക്രൈസ്തവ സമൂഹങ്ങളിൽ നിന്നും വ്യത്യസ്ഥമായി, പരിശുദ്ധാത്മാവിന്റെ വ്യാഖ്യാനം അതേപടി സ്വീകരിച്ചവരാണ് വേർപാടുകാർ എന്ന ബ്രദറൺകാർ.

വിശ്വാസവും, സഭാ ജീവിതവും, പ്രാർത്ഥനയും അനുഷ്ഠാനങ്ങളും സഭാകൂടിവരവുകളും സഭാപരിപാലനവും ആരാധനയും എല്ലാം പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ മാത്രം നടത്തുന്നവരാണിവർ. കർത്താവ് അത് സംബന്ധിച്ച് പറഞ്ഞ വാക്കുകൾ യോഹ 14:16–ൽ കാണാം. “അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോട് കൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും”. യോഹ: 14:26–ൽ.. “ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും. ആയതിനാൽ ആരെങ്കിലും എന്തെങ്കിലും പറഞ്ഞു എന്നതുകൊണ്ട് നാം പരിഭ്രാന്തരാവുകയോ, വാളും പരിചയും എടുത്ത് യുദ്ധത്തിന് പുറപ്പെടുകയോ വേണ്ട. ആ നീക്കങ്ങൾ എല്ലാം കേവലം മാനുഷീകവും ദൈവാത്മാവിനെ ദുഃഖിപ്പിക്കുന്നതുമാണ് എന്നും നാം തിരിച്ചറിയുക.

നാം വിശ്വസിക്കുകയും മനസ്സിലാക്കുകയും നമ്മുടെ പിതാക്കന്മാർ അഭിമാനപുരസരം ഉയർത്തിപ്പിടിച്ച ദൈവവചനത്തിന്റെ നിർമ്മല ഉപദേശം ഉറപ്പിക്കുവാൻ നമ്മുടെ സ്ഥലം സഭകൾ ഇപ്പോൾ എന്ത് ചെയ്യുന്നു? ആ കാര്യത്തിൽ സ്ഥലം സഭകൾ പരാജയപ്പെട്ട കാര്യം മനസ്സിലാക്കിയ ചില വിരുതന്മാർ കാട് അടച്ച് വെടിവയ്പ്പ് നടത്തുന്നുണ്ട്. കേരളത്തിൽ ചിലയിടത്ത് അത് ഫലം കണ്ടിട്ടുണ്ട്. ചില സ്ഥലങ്ങലിൽ ബ്രദറൺ സഭകൾ മറ്റ് സഭകളായി മാറിയിട്ടുണ്ട്!! ആർക്കാണ് ഇതിന്റെ ഉത്തരവാദിത്വം? കാട് അടച്ച് വെടിവയ്ക്കുന്നവർക്കോ? ഒരിക്കലും അല്ല, ദൈവീക ശുശ്രൂഷകളെ ലാഘവത്തോടും നിസ്സാരതയോടും കണ്ട ആത്മീയ നേതൃത്വത്തിന്റെ പിടിപ്പുകേടും. പരിജ്ഞാനക്കുറവുമാണ് കാരണം.

നമ്മുടെ സ്ഥലം സഭകളിൽ, കൺവൻഷനുകളിൽ പരിശുദ്ധാത്മപ്രേരിതമായ ഘനതരമായ ദൈവവചന ശുശ്രൂഷകൾ ഉണ്ടാവുന്നത് വളരെ വിരളമല്ലേ? നമുക്ക് കേവലം ബുദ്ധിക്ക് യോജിച്ച പ്രസംഗങ്ങളോ, കൽപിത കഥകളുടെ അകമ്പടിയോടുകൂടിയ പ്രാസോചിത വാക്ധോരണികളോ അല്ല വേണ്ടത്,ആത്മാവീനോട് സംവദിക്കുന്ന, പാപബോധവും മാനസാന്തരവും ഉളവാക്കുന്ന ദൈവവചനത്തിന്റെ വ്യാപാരം ആണ് ആവശ്യം. ഇത്തരം പ്രസംഗങ്ങൾ കേൾക്കുമ്പോൾ വിശ്വാസികൾക്ക് ഒരിക്കലും സംശയവിചാരങ്ങൾ രൂപപ്പെടുകയില്ല. മറിച്ച് ധാരണകൾ ബലപ്പെടുകയോ ഉള്ളൂ. ഇതിന് പ്രസംഗകരും, സംഘാടകരും, സഭകളും പ്രാർത്ഥിക്കണം.

ദൈവീകാലോചനകൾക്കായി ദൈവദാസന്മാർ ദൈവസന്നിധിയിൽ കാത്തിരിക്കണം. ഇതെല്ലാം അക്ഷരാർത്ഥത്തിൽ അന്യം നിന്നിരിക്കുന്നു! കൺവൻഷനുകൾ, സംഗമങ്ങൾ എല്ലാം ശക്തിപ്രകടനങ്ങൾ മാത്രം! മൂപ്പന്മാർക്കും സുവിശേഷകന്മാർക്കും ഉപദേഷ്ടാക്കന്മാർക്കും വേണ്ടി പ്രാർത്ഥിക്കുന്ന എത്ര വിശ്വാസികൾ, എത്ര സ്ഥലം സഭകൾ ഉണ്ട്? വിമർശിക്കുവാൻ എളുപ്പമാണ്, സ്വയവിമർശനം നമുക്ക് തീരെ പഥ്യമല്ല. മറ്റുള്ളവരെ വിലയിരുത്തുവാൻ പ്രയാസമില്ല, എന്നാൽ സ്വയം വിലയിരുത്തുന്നവർ എത്രപേർ?

ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ താല്ക്കാലിക ഐക്യം ഉണ്ടാക്കി സ്ഥാനമാനങ്ങൾ നേടുവാനുള്ള ഉപദേശം വേർപാട് ഉപദേശമോ? ഞാനും, ഞങ്ങളുമില്ലാത്ത സുവിശേഷ ശുശ്രൂഷകൾ ആത്മീകമായി കാണാൻ കഴിയാത്ത സങ്കുചിതന്മാർ രക്ഷിക്കപ്പെട്ടവരോ? വേദപുസ്തകത്തിലെ ആത്മീയ സത്യങ്ങളെക്കുറിച്ച് . വിശേഷിച്ച് വേർപെട്ട വിശ്വാസത്തിനുവേണ്ടി നമ്മുടെ പിതാക്കന്മാർ ഉപേക്ഷിച്ച പല കാര്യങ്ങളെക്കുറിച്ചും ഇപ്പോഴത്തെ ആത്മീയ നേതാക്കന്മാർക്ക് അഭിപ്രായ ഐക്യമുണ്ടോ?


പൊതു, വ്യക്തിയധിഷ്ഠിത സംഘടനകൾ, പ്രസ്ഥാനങ്ങൾ ഇവയെല്ലാം പ്രാദേശീകസഭകളെ കൈപ്പിടിയിൽ ഒതുക്കുന്ന കാഴ്ച നിസ്സാഹായതയോടെ നോക്കി നിൽക്കാനേ കഴിയുന്നുള്ളൂ. പ്രാദേശിക സ്ഥലം സഭകളുടെ ആത്മീയ നേതൃത്വത്തിനെ അവഗണിക്കുന്ന സംഘടനകൾ, അതിന്റെ അപക്വമായ നേതൃത്വം ! ബന്ധവും സ്വന്തവും കൊണ്ട് ബ്രദറൺ സമൂഹത്തെ നിയന്ത്രിക്കുവാൻ ശ്രമിക്കുന്ന കുൽസിത പ്രവർത്തകർ! ഇതെല്ലാം ശത്രുവിന് നമ്മെ ആക്രമിക്കുവാൻ ഉള്ള പഴുതുകളാണ്. ഒറ്റാലിൽ കിടക്കുന്നതിനെ അല്ലാതെ കടലിലോ കായലിലോ പോയി മീൻപിടിത്തം നടത്തുന്ന ഒരു മുക്കുവനും നമ്മുടെ സമൂഹത്തിൽ ഇന്നില്ല..!!. കേരളത്തിലെ ജനസംഖ്യ മൂന്നേ മുക്കാൽ കോടി ആണെങ്കിൽ നമ്മൾ വെറും ഇരുപത്തിയയ്യായിരം! 139 കോടി ജനങ്ങൾ വസിക്കുന്ന ഭാരതത്തിൽ നാലരലക്ഷമാണ് നമ്മുടെ ജനസംഖ്യ. തെരുവോരങ്ങളിൽ നിന്ന് ഹാൻഡ് മൈക്കിന്റെ സഹായത്തോടുകൂടി സുവിശേഷം വിളിച്ചു പറയുന്ന പാവം സുവിശേഷകനെ പുച്ഛമാണ് നമുക്ക് പരസ്യയോഗങ്ങൾ അവജ്ഞയോടെ കാണുന്നവരാണ് നാം മാസികകൾ, പത്രങ്ങൾ, പുസ്തകങ്ങൾ ഇവയെല്ലാം കാലഹരണപ്പെട്ടു എന്നതാണ് നമ്മുടെ പക്ഷം, യുടൂബ്, ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം,വാട്സ് ആപ് തുടങ്ങി അധുനിക സോഷ്യൽ മീഡയാകളുടെ കാലമാണിത്. പക്ഷെ പാപികൾ രക്ഷിക്കപ്പെടാനും, വിശ്വാസികൾ പിൻമാറ്റത്തിൽ നിന്ന് മടങ്ങിവരുവാനും ഇവയൊന്നും ഉപകാരപ്പെടില്ല എന്നത് യാഥാർത്ഥ്യം. പ്രിയപ്പെട്ടവരെ കർത്താവ് വരുവാൻ ഇനിയും അധികം കാലമില്ല. നാം ആരാണ്? നമ്മുടെ പിതാക്കന്മാർ എന്തായിരുന്നു? എന്ന തിരിച്ചറിവ് ബ്രദറൺ സമൂഹത്തിന് അനിവാര്യം.

*എഡിറ്റർ*

# ഇരുട്ടിലെ തൂവെളിച്ചം

ധ്യാനം





**ജെഫിൻ സജി ജോൺസ്**

ഓരോ രാത്രിക്കും ഓരോ പകലുകൾ ഉണ്ട്. പുതിയ പ്രതീക്ഷകളും ചിന്തകളും പുതിയ അനുഭവങ്ങളും നൽകി ഉണരുന്ന ഒരു സുന്ദരമായ പകൽ. അതിന്റെ തുടക്കം കിളികളുടെ ഇമ്പത്തോട് കൂടിയാണ്. സൂര്യന്റെ പോഷക സമൃദ്ധമായ വെളിച്ചത്തോട് കൂടിയാണ്. ഒരു ദിവസം മുഴുവൻ ജീവിക്കുവാൻ ആവശ്യമായ ഊർജ്ജം വിതറിയാണ് പകലിന്റെ വരവ്. അതിൻ നിന്ന് നമുക്ക് ലഭിക്കുന്ന സന്തോഷം വിവരിക്കുവാൻ കഴിയാത്ത വിധം പ്രത്യേകതകൾ നിറഞ്ഞതാണ്.

യായീറോസ് എന്ന പള്ളി പ്രമാണിയുടെ മകൾ മരിച്ചു. ഗുരുവായ യേശുവിന്റെ അരികിൽ ചെന്ന് മകളുടെ രോഗവിവരം പറയാം എന്ന് കരുതിയിരുന്നപ്പോൾ ആണ് മരണം സംഭവിച്ചത്. ഗുരുവിനെ ഇനിയും പ്രയാസപ്പെടുത്തേണ്ടതില്ല എന്ന് അവർ തീരുമാനിച്ചു. കർത്താവ് അവരുടെ നിസ്സഹായത മനസ്സിലാക്കി. യേശു അവരോട് “ഭയപ്പെടേണ്ട വിശ്വസിക്ക മാത്രം ചെയ്ക എന്നാൽ അവൾ രക്ഷപ്പെടും”. യേശുവിന്റെ ഈ മറുപടിക്ക് ശേഷം അദ്ദേഹത്തോടൊപ്പം ബാല കിടന്ന മുറിയിൽ പ്രവേശിച്ചു. ബാലയെ കണ്ടപ്പോൾ മാതാപിതാക്കൾ കരഞ്ഞു. യേശു പറഞ്ഞു ‘കരയേണ്ട, അവൾ മരിച്ചില്ല ഉറങ്ങുകയാണ്’. അമ്മയപ്പൻമാർ വിശ്വസിച്ചു. അവരുടെ വിശ്വാസം അംഗീകരിക്കപ്പെട്ടു. യായീറോസിന്റെ മകളെ യേശു ഉയർത്തെഴുന്നേൽപ്പിച്ചു.

നമ്മുടെ ജീവിതത്തിലും ഉണ്ട് ഈ രാവും പകലും. രാത്രിയുടെ ഇരുട്ടും ഭീകരതയും പേടിപ്പെടുന്ന ശബ്ദങ്ങളും ഉണ്ടെങ്കിലും ഉറങ്ങുന്ന ഓരോ രാത്രികളിലും ഓരോ പൊൻപുലരിയുടെ പ്രതീക്ഷ നമുക്കുണ്ട്. ജീവിതത്തിലെ കയ്പ്പും ഇരുട്ടിന്റെ എകാന്തഭാവവും ഒക്കെ മാറി പ്രതീക്ഷയുടെ പൊൻ വെളിച്ചം വീശി വിശാലതയുടെ പ്രഭാതം നമ്മെ തേടിയെത്തുന്നു. ‘മാറയെ മധുരമാക്കി തീർക്കുമവൻ’. എന്ന് പാട്ടുകാരൻ എഴുതിയിരിക്കുന്നതുപോലെ മാറയുടെ അനുഭവമുള്ള ഓരോ ജീവിതത്തോടും മധുരം നിറഞ്ഞ അദ്ധ്യായങ്ങളായിത്തീരുവാൻ ആ മധുരത്തിന്റെ യഥാർത്ഥസ്വാദ് നമുക്ക് നൽകുവാൻ കാൽവറി ക്രൂശിൽ ഇരുട്ടിന്റെ അധികാരത്തിന്റെ ചങ്ങലകളെ ബന്ധിച്ച് ഉയർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിനാൽ സാധ്യമായി. ആമാധുര്യമേറിയ ദിനങ്ങൾ നമ്മെ തേടിയെത്തും ക്രിസ്തുവിനാൽ എല്ലാം സാധ്യം. ഒരുനാൾ നമുക്കും വരും. അന്ന് കർത്താവിന്റെ മാധുര്യം നമുക്ക് രുചിച്ചറിയാൻ സാധിക്കട്ടെ.

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

ലേഖനം
അയയ്ക്കേണ്ട വിലാസം
**Saji John Varickamakkal**
Christheeyadarsanam,
Kariamplave P.O. 689615,
Ph: 9562642509

**email:**
**cdranni2020@gmail.com**

വരിസംഖ്യ & സംഭാവന
**South Indian Bank, Ranni**
**A/c. No. 0322053000008302**
**IFSC Code : SIBL0000322**

എഡിറ്റർ : സജി ജോൺ 9562642509
പബ്ലീഷർ : രാജു കെ. തോമസ്

എഡിറ്റോറിയൽ ബോർഡ്
ചാണ്ടപിള്ള ഫിലിപ്പ് — ജെയിംസ് എം. തോമസ്
സജീവ് വർഗീസ് — ഇ. എസ്. റെജി
വി. എം. പോൾ — കെ. എസ്. ജോസഫ്
സാമുവേൽ ജോൺ — ബിജോയ് തുടിയൻ
പി. എം. സാമുവേൽ — പോൾ പി. സ്കറിയ
സാം ഫിലിപ്പ് — ഷോൺ സാജൻ ഫിലിപ്പ്
മാനേജിംഗ് എഡിറ്റർ ജെഫിൻ സജി ജോൺസ്, 9446400331
സർക്കുലേഷൻ മാനേജർ ജോയൻ സജി ജോൺ

വിദേശ പ്രതിനിധികൾ
റോജി വർഗീസ്, ഹാൻലി തോമസ്, എം. ഒ. മോഹൻ
ലാൻസി സാമുവേൽ, തോംസൺ ഡാനിയേൽ ജോൺ
അനു മാത്യു, ജെൻ സജി ജോൺസ്, ബഞ്ചമിൻ ജോർജ്ജ്
ജേക്കബ് ജോർജ്ജ്, സജി തോമസ്, ജയ്സൺ. പി. ഏബ്രഹാം
ഗ്ലാഡ്ലി ജോസഫ് ദോഹ

## ഇന്ന് നിങ്ങൾ പ്രാർത്ഥിച്ചുവോ?

*സുവിശേഷത്തിന്റെ വാതിലുകൾ അടയുന്നു. അച്ചടി മാദ്ധ്യമങ്ങൾക്ക് പ്രാധാന്യം കുറഞ്ഞിട്ടില്ല. നമ്മുടെ എല്ലാ ആത്മീയ പ്രസിദ്ധീകരണങ്ങളേയും പ്രാർത്ഥനയിൽ ഓർക്കുവാനുള്ള ബാദ്ധ്യത ദൈവജനത്തിന് ഉണ്ട്. എല്ലാ ദിവസവും ക്രിസ്തീയദർശനം മാസികയേയും അതിന്റെ വിവിധ പ്രവർത്തനങ്ങളേയും പ്രാർത്ഥനയിൽ ഓർക്കുമല്ലോ.*

# നിന്നെക്കുറിച്ചു കുറഞ്ഞൊരു കുറ്റം പറവാൻ ഉണ്ട്

സഭാദൂത് – 4





ഡോ: സനീഷ് ചെറിയാൻ

വെളിപ്പാട് പുസ്തകത്തിൽദൂത്ലഭിക്കുന്ന മൂന്നാമത്തെ സ്ഥലം സഭ പെർഗ്ഗമോസ് സഭയാണ്. ഏഷ്യാമൈനറിലെസുപ്രധാന നഗരങ്ങളിൽഒന്നാണ് പെർഗ്ഗമോസ്. ഈജിയൻ കടലിൽ നിന്നും ഏകദേശം 26 കി.മീ (15 മൈൽ) അകലെസ്ഥിതിചെയ്യുന്ന ഈ പട്ടണം സ്മുർന്ന പട്ടണത്തിൽ നിന്നും ഏകദേശം 50 മൈൽഅകലെസ്ഥിതിചെയ്യുന്നു. സ്മുർന്ന പോലെതന്നെ സമ്പന്നതയുടെ പ്രതീകമാണ് ഈ നഗരവും. കടൽ തീരത്തിനടുത്ത് സ്ഥിതി ചെയ്യുന്നുഎങ്കിലും മലകളാൽചുറ്റപ്പെട്ട കൈക്കാസ്താഴ്വാരത്ത്സ്ഥിതിചെയ്യുന്നതിനാൽ ഒരു തുറമുഖ നഗരം എന്നതിൽ ഉപരി ഒരു സാധാരണ പട്ടണത്തിന്റെ പ്രതീതിയാണ് ഉള്ളത്.

ഗ്രീക്ക് സാമ്രാജ്യത്തിലെഅറ്റാലിയരാജാക്കാരുടെകാലത്ത്, പെർഗ്ഗമോസ്, സാമ്രാജ്യ തലസ്ഥാനമായിവളരെ അഭിവൃദ്ധി പ്രാപിച്ചു. യുമെനാസ് രണ്ടാമൻ രാജാവിന്റെകാലത്ത് (197–159 ബി.സി) പെർഗ്ഗമോസ് പട്ടണം സമൃദ്ധിയുടെ കൊടുമുടിയിൽഎത്തി. കലാസാംസ്ക്കാരിക, സാഹിത്യരംഗത്ത് പൗരാണിക ലോകത്ത് മഹത്തായ സംഭാവനകൾ നൽകിയ ഒരു നഗരമായിരുന്നു പെർഗ്ഗമോസ്. രണ്ടു ലക്ഷത്തിൽപരം പുസ്തകങ്ങൾ ഉള്ള ബൃഹത്തായ ലൈബ്രറിയുടെ പശ്ചാത്തലത്തിൽ തന്നെയാണ് ആ പട്ടണത്തിന്റെ പേരും സ്ഥിതി ചെയ്യുന്നത്. പുസ്തകങ്ങൾ തയ്യാറാക്കിയിരുന്ന പാർച്ചുമെന്റിൽ നിന്നാണ് പെർഗ്ഗമോസ് എന്ന പേരുണ്ടായത്എന്ന് പറയപ്പെടുന്നു. 40 അടിയിലധികം ഉയരമുള്ള സിയൂസ് ദേവന്റെ പ്രതിമയാണ് നഗരത്തിലെ പ്രധാന ആകർഷണം. ഈ പ്രദേശം ഇന്ന് തുർക്കിയിലെ ബെർഗമ എന്നറിയപ്പെടുന്ന സ്ഥലമാണ്.

റോമൻ ആധിപത്യം വന്നതോടെ, റോമൻ പ്രവിശ്യയുടെ തലസ്ഥാനമായി പെർഗ്ഗമോസ് തിരഞ്ഞെടുക്കപ്പെട്ടു. വാണിജ്യത്തോടൊപ്പം തന്നെ മതങ്ങളുടെ ഒരു സമ്മേളന നഗരം കൂടിയായി ഈ പട്ടണം പരിവർത്തനം ചെയ്യപ്പെട്ടു. മതസ്വാധീനത്തെ വ്യക്തമായിവെളിപ്പെടുത്തുന്ന 4 ക്ഷേത്രങ്ങൾ ഈ പട്ടണത്തിൽ വർണ്ണാഭമായി നിൽക്കുന്നു. സീയൂസ്, അതേന, ഡയോണിസസ്, അല്സേപിയസ്എന്നിവയാണ് ആ നാല് ക്ഷേത്രങ്ങളിലെ ദേവപ്രതിഷ്ഠ കൾ. ഇതിൽഏറ്റവും ശ്രദ്ധേയമായിരിക്കുന്നത് അല്സേപിയസ് എന്ന ദേവനും ക്ഷേത്രവുമാണ്. രോഗശാന്തിയുടെ ദേവൻ എന്നാണു അല്സേപിയസ് അറിയപ്പെടുന്നതും ആരാധിക്കപ്പെടുന്നതും. അല്സേപിയസ് ക്ഷേത്രത്തിനു മുമ്പിൽ ഒരു തൂണിൽ ചുറ്റി നിൽക്കുന്ന സർപ്പത്തിന്റെ പ്രതിമയും കാണാം. ഈ ക്ഷേത്രത്തോടു അനുബന്ധിച്ച് ഒരു വൈദ്യശാസ്ത്ര വിദ്യാലയവും സ്ഥിതി ചെയ്തിരുന്നു. ആധുനികകാലത്തും വൈദ്യശാസ്ത്രത്തിന്റെ ലോഗോ ആയി തൂണിൽ ചുറ്റിയ പാമ്പി ന്റെ ചിത്രം ഉപയോഗിക്കപ്പെടുന്നത് ഈ ദേവസങ്കല്പ ആശയത്തിൽ നിന്നാണെന്നു പറയപ്പെടുന്നു. ജനഹൃദയങ്ങളിൽ ഈ ക്ഷേത്ര വും ഇവിടെ ഉണ്ടായിരുന്ന ചികിത്സാവിധികളും ചെലുത്തിയ സ്വാധീനം ഇത് വെളിപ്പെടുത്തുന്നു. ഈ ചരിത്ര പശ്ചാത്തലത്തിൽ നിന്നു കൊണ്ട് പെർഗമോസ്സഭാദൂത് പഠിച്ചാൽ മാത്രമേ അതിന്റെ പ്രാധാന്യം നമുക്ക് മനസ്സിലാകൂ.

സ്മുർന്ന രാഷ്ട്രീയ പ്രാധാന്യം ഉള്ള വാണിജ്യ നഗരമായി നിലകൊണ്ടപ്പോൾമതാധിപത്യമുള്ള വാണിജ്യ നഗരമായിരുന്നു പെർഗമോസ്. നഗരത്തിലെ കറൻസികളിൽ പോലും ദേവതകളുടെ ചിത്രങ്ങൾ ആലേഖനം ചെയ്തിരുന്നു. ഈ മതസ്വാധീനത ക്രിസ്തീയവിശ്വാസത്തെ എങ്ങനെ സ്വാധീനിച്ചു എന്നതാണ് ഈ ദൂതിലെ പ്രധാന പ്രതിപാദ്യം.

പെർഗ്ഗമോസ് സഭയ്ക്കുള്ള ദൂതും ആരംഭിക്കുന്നത് സഭയുടെ കാന്തനായ കർത്താവിനെ കുറിച്ചുള്ള വിവരണത്തോടെയാണ്. സഭയുടെ മേകളും കുറവുകളും മാനസാന്തരപ്പെടുവാനുള്ള ആഹ്വാനവും, വിജയികൾക്കുള്ള പ്രതിഫലവും യഥാവിധി പ്രതിപാദിക്കുന്നു.

പെർഗ്ഗമോസ് സഭയുടെ പശ്ചാത്തലം, അത് സാത്താന്റെ സിംഹാസനം ഉള്ള ഇടം എന്നാണ് ദൈവാത്മാവ് വെളിപ്പെടുത്തുന്നത് (വെളിപ്പാട് 2:13). ഈ ലോകത്തിന്റെ പ്രഭുവായ സാത്താൻ, സത്യദൈവത്തിൽ നിന്നും മനുഷ്യനെ തെറ്റിച്ചു കളയുവാൻ ഉപ യോഗിക്കുന്ന മതസ്വാധീനത്തെയാണ് സാത്താന്റെ സിംഹാസനം എന്ന പ്രയോഗം കുറിക്കുന്നത്. നാല് സുപ്രധാന ക്ഷേത്രങ്ങൾ തല ഉയർത്തി നിൽക്കുന്ന പട്ടണത്തിൽ മതാചാരങ്ങൾക്ക് കർശന നിലപാടുകൾ ഭരണാധികാരികളിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും ഉണ്ടാവുക സ്വാഭാവികമാണല്ലോ. ക്രിസ്തീയ വിശ്വാസത്തിൽ ഉറച്ചു നിന്ന്കർത്താവിനു സാക്ഷ്യം വഹിച്ച അന്തിപ്പാസിനെ കൊന്ന സ്ഥലം എന്നാണ് പെർഗ്ഗമോസിനെ ദൈവാത്മാവ് പരിചയപ്പെടുത്തുന്നത്. തന്റെ ദാസന്റെ രക്തസാക്ഷി മരണം കർത്താവ് അത്ര പ്രാധാന്യത്തോടെ കണ്ടു എന്ന്വ്യക്തം. ഈ അരും കൊലയ്ക്ക് സാക്ഷ്യം വഹിച്ച കാലത്ത് പോലും പെർഗ്ഗമോസിലെ ക്രിസ്തീയ സഭ വിശ്വാസം നിഷേധിക്കാതെ, വേർപാടും, വിശുദ്ധിയും കാത്ത്സൂക്ഷിച്ച്കൊണ്ട്ഉറച്ചു നിന്നു എന്നത് ദൈവാത്മാവ് സഭയുടെ മേയായി എടുത്തു പറയുന്നു (2:13). എല്ലാവിധ സമ്മർദ്ധങ്ങളും വർദ്ധിച്ചു വന്നിട്ടും കർത്താവിന്റെ നാമം മുറുകെ പിടിക്കുവാൻ അവർ കാണി ച്ച സഹിഷ്ണുത എടുത്തു പറയത്തക്കതാണ്.

എന്നാൽ നാളുകൾ കഴിഞ്ഞപ്പോൾ വിശ്വാസികളുടെ സമർപ്പണത്തിൽ അയവ് വരികയും വിജാതീയ ആശയങ്ങൾ സഭയ്ക്കുള്ളിൽ വേരുറപ്പിക്കുകയും ചെയ്തു. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ മെട്രോപോളിറ്റൻ നഗരത്തിൽ വസിക്കുന്ന വിശ്വാസികൾക്കു സമ്പത്തും സാമൂഹിക ബന്ധങ്ങളും സ്ഥാനമാനങ്ങളും സ്വാഭാവികമായും ഉയർന്ന നിലയിൽ ആയിരിക്കുമല്ലോ. അതുമൂലം വേർപാട് മുഖ്യവിഷയമായികാണേണ്ടതില്ല എന്നൊരു അയഞ്ഞ സമീപനം ഉണ്ടാവുകസ്വാഭാവികമാണ്. അത് സംഭവിക്കുകയുംചെയ്തു. വിഗ്രഹാർപ്പിതംകഴിക്കുവാനും ദുർന്നടപ്പിൽരസിക്കുവാനും വിശ്വാസികൾക്ക് അനുകൂല സാഹചര്യം ഒരുക്കുന്ന അവസ്ഥയിലേക്ക് സഭ അധഃപതിച്ചു. ഈ രംഗത്ത്സ്വാധീന ശക്തിയായി പ്രവർത്തിച്ച രണ്ടു കൂട്ടരെകുറിച്ചു നിക്കലോവ്യ ഉപദേശംഎന്നും ബിലെയാമിന്റെ ഉപദേശംഎന്നുംദൈവാത്മാവ്വെളിപ്പെടുത്തുന്നു. ദൈവജനത്തിനിയിടയിൽദുർന്നടപ്പ് അനുവദിക്കുന്നതാണ് ബിലെയാമിന്റെ ഉപദേശം. വിജാതീയവിഗ്രഹങ്ങൾക്ക്അർപ്പിച്ചത്കഴിക്കുന്നത് ന്യായീകരിക്കുന്ന ഉപദേശമാണ് നിക്കലെവ്യ ഉപദേശം. ആദിമ കാലം മുതൽതന്നെ ഈ അനുരഞ്ജന ക്രിസ്തീയസംഘങ്ങൾ സഭയിൽവേരുറപ്പിച്ചിരുന്നു. വിജാതികളിൽ നിന്നും രക്ഷിക്കപ്പെട്ടു വന്നവർക്ക് അവരുടെ പരിചയങ്ങൾ എളുപ്പം വിട്ടു വേർപ്പെട്ടു വരുന്നതിലുള്ള വിഷമതകൾക്ക് ഇളവുകൾ നൽകിയസംവിധാനം. എന്നാൽ ഈ പരിചയങ്ങൾ പൂർണ്ണമായിവിട്ടു വേർപെട്ടു വരണം എന്ന്യെരുശലേം കൗൺസിലിൽവെച്ച്തന്നെ സഭ യ്ക്ക് മൂപ്പന്മാരിലൂടെ കർത്താവ് നിർദ്ദേശം നൽകി (അ. പ്ര. 15:28).

പെർഗമോസ്മതപരമായിശക്തമായ സ്വാധീനം ഉള്ള സ്ഥലം ആയതിനാൽ ആ സ്ഥലത്ത് നിന്നും ക്രിസ്തീയവിശ്വാസത്തിൽ വന്നവർ നേരിട്ട ഏറ്റവുംവലിയ പ്രശ്നം ഈ വിഗ്രഹാർപ്പിതവും, വിജാതീയ സമ്പ്രദായമായ ദുർന്നടപ്പുംആയിരുന്നു. അന്തിപ്പാസിന്റെ കാലത്ത് സഭ ഈ വിഷയങ്ങൾക്ക് വലിയ വില കൊടുത്ത്ശക്തമായി നിലകൊണ്ടു. എന്നാൽ പിന്നീട് സഭാ നേതൃത്വത്തിൽ വന്നവർ ഈ വിധത്തിലുള്ള വിജാതീയ രീതികൾക്ക് മൗനാനുവാദം നൽകി. സഭ ദുർന്നടപ്പിന്റെയുംഅധാർമ്മീകതയുടെയും പടുകുഴിയിൽവീണു. ഈ അവസ്ഥയിൽ കർത്താവ് മൂർച്ചയുള്ള വാളുമായി സഭയെ എതിരേൽക്കാൻ പോകുന്നു. ഇത് പെർഗ്ഗമോസ് സഭയുടെ മാത്രം പ്രശ്നമല്ല. ആധുനികകാലത്തുംവേർപെട്ട ദൈവജനത്തിനിടയിൽ സംഭവിക്കുന്ന വലിയ പരാജയം വിളിച്ചോതുന്നു.

ദൈവവചന സത്യങ്ങൾക്ക് വേണ്ടി ജീവി തം സമർപ്പിച്ച ആധുനികകാലത്തെ വേർ പെട്ട സഭകളുംആദിമകാലത്ത്വിശ്വാസത്തിനും വിശുദ്ധിക്കും വേർപാടിനും ജീവിത സാക്ഷ്യത്തിനും വലിയ വിലകൽ പ്പിക്കുകയും വിലകൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ കാലങ്ങൾ കഴിഞ്ഞപ്പോൾ, സാമ്പത്തിക അഭിവൃദ്ധി ഉണ്ടായപ്പോൾ ദുർന്നടപ്പ് മുതൽ വിഗ്രഹാർപ്പിതം തുടങ്ങി സകലവിധ ജാതീയ സമ്പ്രദായങ്ങളും സഭയ്ക്കുള്ളിൽ അനുവദിക്കുന്ന പ്രവണത സഭകളിൽ വർദ്ധിച്ചു വരുന്ന ഒരു കാലത്തല്ലേ നാം ആയിരിക്കുന്നത്. സഭാശുശ്രൂശഷകർ തുടങ്ങി, വിവിധ ആത്മീക ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നവർവരെ ലൈംഗിക അരാജകത്വത്തിൽ അകപ്പെടുമ്പോൾ, ജഡത്തിന്റെ ബലഹീനത എന്ന് പാപത്തെ വിശേഷിപ്പിച്ചു ആശ്ലേഷിക്കുന്ന അനുരഞ്ജന പ്രശ്നം തന്നെയാണ് പെർഗ്ഗമോസിലും ഉണ്ടായിരുന്നത്. ദുർന്നടപ്പിനെയും വിജാതീയ രീതികളെയും വിശ്വാസികൾ സ്വജീവിതത്തിൽ സഭയിൽ പകർത്തുന്നതിനെ കേവലം ജഡത്തിന്റെ ബലഹീനതയായി കർത്താവ് കാണുന്നില്ല എന്നും കർത്താവ് അവരോടുവാൾ കൊണ്ട് പോരാടും എന്നുമുള്ള മുന്നറിപ്പ് പെർഗ്ഗമോസ് നൽകുന്നു.

ദുർന്നടപ്പും ജാതീയ ആചാരങ്ങളും മനുഷ്യ ജീവിതത്തെ ആഴമായിസ്വാധീനിക്കുന്നവ ആയതിനാൽഅതിൽ നിന്നും വേർപെട്ടു, വേർപാടും വിശുദ്ധിയും വിശ്വാസവും കാത്തു സൂക്ഷിക്കുവാൻ വലിയ പോരാട്ടം ആവ ശ്യമാണ്. ഈ വിഷയങ്ങളിൽ പോരാടി ജീവിത വിജയം വരിച്ചവർക്ക് ലഭിക്കുന്ന പ്രതിഫലവും അത്രമാത്രം ശോഭയുള്ളതും ഉത്തമവും ആയിരിക്കും. മൂന്നു പ്രതിഫലങ്ങളാണ് ഇക്കൂട്ടർക്ക് കർത്താവ് വാഗ്ദത്തം ചെയ്തിരിക്കുന്നത്. മറഞ്ഞിരിക്കുന്ന മന്ന, വെള്ളക്കല്ല്, പുതിയ പേര്. ദുർന്നടപ്പും വഷളത്വവും പെരുകുന്ന ലോക സാഹചര്യത്തിൽ, വിജയിക്കുന്നവർക്ക് രുചികരമായ മന്നയും, വെണ്മയുള്ള പ്രശസ്തി പത്രവും (memento) നൽകപ്പെടും. പരാജിതർ, ജഡത്തിന്റെ ബലഹീനതയെന്നു പറഞ്ഞു ന്യായീകരിച്ചവർ ഒക്കെ കർത്താവിന്റെ ന്യായവിധി സ്വീകരിച്ചു, വാളിന്റെ രുചി അനുഭവിച്ചറിയും എന്ന് ദൈവാത്മാവ് വിശ്വാസികളായ നമ്മെ ഓർമ്മിപ്പിക്കുന്നു.

പെർഗ്ഗമോസ് സാഹചര്യത്തിലല്ലേ നാമും ഇന്ന് ആയിരിക്കുന്നത്. ഒരു വശത്ത്വാണിജ്യവും സമ്പത്തും സൗകര്യങ്ങളും വർദ്ധിച്ചപ്പോൾ ദുർന്നടപ്പും വിജാതീയ സമ്പ്രദായങ്ങളും നമ്മിൽ വാഴ്ചതുടങ്ങിയിട്ടില്ലേ? വ്യക്തിപരമായി ജീവിതത്തെ ശോധന ചെയ്യുവാൻ, കർത്താവിന്റെ സന്നിധിയിൽ ക്രമപ്പെടുവാൻ നമുക്ക് ഇടയാകട്ടെ. നമ്മുടെ സ്ഥലം സഭകളും ഈ നിലയിൽ ക്രമപ്പെടുവാൻ ഇടയാകണംഎന്ന്ദൈവാത്മാവ് പ്രബോധിപ്പിക്കുന്നു.

---

## ▶▶1 ആത്മീയന്റെ ശത്രുക്കൾ

**1. ശത്രുക്കൾ (The enimies)**

ആത്മീയന്റെ ശത്രുക്കളായി ബൈബിൾ പഠിപ്പിക്കുന്ന എതിരാളികൾ മനുഷ്യരോ, മതമോ അല്ല ലോകം, ജഡം, പിശാച് എന്നീ അദൃശ്യ ശക്തികളാണ്. ഈ ശത്രുക്കളെക്കുറിച്ചുള്ള പൊതുവായ വസ്തുതകൾ ശ്രദ്ധിക്കുക

**2 അദൃശ്യരായ ശത്രുക്കൾ (Invisible Enimies)**

നയനഗോചരമല്ലാത്ത എതിരാളികളാണ് ആത്മീയന്റെ ശത്രുക്കൾ. ദൃശ്യമായ ഈ ലോക വ്യവസ്ഥിതികൾ പോലെ അദൃശ്യമായ മറ്റൊരു ലോകസംവിധാനവും ഇവിടെ തുടരുന്നുണ്ട്. പിശാചും അവന്റെ ദൂതന്മാരും തിന്മയുടെ അദൃശ്യ ലോകത്തെ ഭരിച്ചുകൊണ്ടിരിക്കുന്നു.

**2. ഇണങ്ങാത്ത ശത്രുക്കൾ (Implacable Enemies)**

കൊടുംപകയുള്ള, ഉഗ്രഭാവമുള്ള ശത്രുക്കളാണ് ആത്മീയതക്കെതിരെ നിൽക്കുന്നത്. അനുരഞ്ജനത്തിലൂടെ ഇണക്കാനാവാത്ത ശമിക്കാത്ത പകയുള്ള ശത്രുക്കളാണ് ലോകം, ജഡം, പിശാച് എന്നിവർ. ഈ എതിരാളികൾ ആത്മീകതയുടെ അന്തകരായി പ്രവർത്തിക്കുന്നു.

**3. ആൾമാറുന്ന ശത്രുക്കൾ (Impersonate Enimies)**

വിശ്വാസിയെ തകർക്കുവാൻ ലോകവും ജഡവും പിശാചും അനേകം ഭാവങ്ങളും വേഷങ്ങളും ആടുന്നു. മാനവീകതയുടെയും ആധുനികതയുടെയും പ്രതിരൂപകല്പന മായ ലോക വ്യവസ്ഥിതികളും, സുഖഭോഗ നിർവൃതിയായി ജഡവും വെളിച്ചദൂതന്റെ തട്ടമിട്ടു സാത്താനും അണിയറയിൽ വാഴുന്നു.

**4. സ്വാധീനമുള്ള ശത്രുക്കൾ (Influential Enemies)**

മനുഷ്യജീവിതത്തെ ഇത്രമാത്രം സ്വാധീനമാക്കാൻ കഴിയുന്ന ഒരു എതിരാളിയാണ്. ആന്തരീകവും, ബാഹ്യവും, അദൃശ്യവുമായി ഈ ശക്തികൾ എല്ലാകാലത്തും ദൈവജനത്തിന്മേൽ സ്വാധീനമുറപ്പിക്കാൻ ശ്രമിക്കുന്നു.

**5. അധർമ്മമായ ശത്രുക്കൾ (Iniquitious Enemies)**

ലോകവും, ജഡവും, പിശാചും തിന്മമാത്രമേ മനുഷ്യന് സമ്മാനിച്ചിട്ടുള്ളൂ. അറുക്കുവാനും മുടിക്കുവാനും നശിപ്പിക്കുവാനുമല്ലാതെ കള്ളൻ വരുന്നില്ലല്ലോ. സകല പാപങ്ങളും മനുഷ്യനിൽ പെരുക്കുകയാണീ ശത്രുക്കൾ.

**6. വൈജ്ഞാനികമായ ശത്രുക്കൾ (Intellectual Enemies)**

തിന്മയുടെ ഈ ത്രിവിധമായ ആത്മവ്യൂഹങ്ങളും ബൗദ്ധീക പ്രബുദ്ധതയോടെ പ്രവർത്തിക്കുന്നു. മനുഷ്യന്റെ എല്ലാ അറിവിനും വിജ്ഞാനത്തിന്മേൽ മേധാശക്തിയായി ഇവ വാഴുന്നു. ലോകജ്ഞാനംകൊണ്ടു ഈ എതിരാളികളിന്മേൽ മേൽ ആധിപത്യം എടുക്കാനാവില്ല.

---

**സ്നേഹം**

ബാല്യത്തിൽ
സൗജന്യമായി ലഭിക്കും
കൗമാരത്തിൽ കഷ്ടപ്പെട്ടു
Oനേടേണ്ടിവരും
വർദ്ധ്യക്യത്തിൽ യാചിച്ചു
നേടേണ്ടിവരും

## അനുഗ്രഹീതരായ സ്മരണീയർ 30



# കണ്ണൂരിന്റെ മിഷ്യനറി സാമുവേൽ ഹെബ്ബിക്ക് താടിക്കാരൻ പാതിരി



ബിജോയ് തുടിയൻ

**1803** ഏപ്രിൽ 29 ന് ജർമ്മനിയിലെ ഉൽമിനടുത്തുള്ള ഒരു ചെറിയ ഗ്രാമമായ നെല്ലിംഗനിൽ, ഫ്രെഡറിക് കാൾ ഹെബ്ബിക്ക് എന്ന ദൈവദാസന്റെ ഏഴ് മക്കളിൽ നാലാമനായി സാമുവേൽ ഹെബ്ബിക്ക് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം നൽകുവാനുള്ള സാമ്പത്തിക സ്ഥിതി ഇല്ലാതിരുന്നതിനാലും, യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാണെന്നുള്ള തിരിച്ചറിവ് മാതാപിതാക്കൾക്ക് ഉണ്ടായിരുന്നത് കൊണ്ട് മക്കളെ ദൈവവചനം പഠിപ്പിച്ചുവളർത്തി .

സാമുവേൽ ഹെബ്ബിക്ക് തന്റെ പതിനെട്ടാമത്തെ വയസ്സിൽ രക്ഷിക്കപ്പെടുവാനും തുടർന്ന് സ്നാനപ്പെടുവാനും കർത്താവ് കൃപ നൽകി . കുറച്ചു നാൾ തന്റെ ജ്യേഷ്ഠ സഹോദരന്റെ ബേക്കറിയിൽ ഒരു സഹായിയായി ജോലിചെയ്തു. എന്നാൽ തനിക്ക് സഭായോഗങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കാത്ത ഒരു സാഹചര്യം ആയിരുന്നതിനാൽ ആ ജോലി വേണ്ടാ എന്ന് തീരുമാനിച്ചു. അതിനു ശേഷം സ്വന്തമായി കൃഷി ചെയ്യുവാൻ തുടങ്ങി. ഈ കാലയളവിൽ ശക്തമായി ദൈവം തന്നോട് ഇടപെടുകയും ഹെബ്ബിക്ക് തന്റെ ജീവിതം പൂർണ്ണമായി കർത്താവിന് സമർപ്പിക്കുകയും ചെയ്തു.

1831-ൽ ബാസലിലെ ഒരു മിഷ്യൻ കോളേജിൽ സ്കോളർഷിപ്പോടു കൂടി നാലുവർഷം പഠിക്കുവാൻ അവസരം ലഭിച്ചു. കോളേജിൽ പഠിക്കുമ്പോൾ തന്നെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിക്കണം എന്നുള്ള തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു . അതുകൊണ്ടു തന്നെ ബാസൽ എന്ന പട്ടണത്തിലെ പട്ടാളക്കാരോടും മറ്റ് അനേകരോടും സുവിശേഷം പറയുകയും പലരേയും ക്രിസ്തുവിലേക്കു നയിക്കുവാൻ ഹെബ്ബിക്കിന് സാധിച്ചിട്ടുണ്ട് .

1834-ൽ ബാസൽ മിഷ്യൻ ഇന്ത്യയിലെ സുവിശേഷപ്രവർത്തനങ്ങൾക്ക് വേണ്ടി ക്രിസ്റ്റോഫ്ലീൻ ഹാർഡ് ഗ്രേയ്നർ ജോ, ക്രിസ്റ്റോഫ്ലഹനർ, സാമുവേൽ ഹെബ്ബിക്ക് എന്നീ മിഷനറിമാരെ അയക്കുവാൻ തീരുമാനിച്ചു. മൂന്നു മാസത്തെ കപ്പൽ യാത്രയിൽ കപ്പലിൽ ഉണ്ടായിരുന്ന സഹയാത്രക്കാരോടും കപ്പൽ ജോലിക്കാരോടും സുവിശേഷം പറയുകയും പലരും രക്ഷിക്കപ്പെടുവാൻ ഇടയാക്കുകയും ചെയ്തു.ഒക്ടോബർ 14 –) തീയ്യതി കപ്പൽ കോഴിക്കോട് തുറമുഖ ത്തു എത്തി . അന്ന് ബാസൽ മിഷ്യന്റെ ആസ്ഥാനം മംഗലാപുരത്തായതുകൊണ്ട് കോഴിക്കോട് നിന്ന് ഈ മിഷനറിമാർ ഒരു നാടൻ വള്ളത്തിൽ 6 ദിവസം കൊണ്ട് മംഗലാപുരത്തു എത്തി . അവിടെ വെച്ച് മിഷനറിമാർ കന്നഡ, കൊങ്കിണി, തുളു, മലയാളം എന്നീ ഭാഷകൾ പഠിച്ചു . മംഗലാപുരത്തെ പല സ്ഥലങ്ങളിലും സുവിശേഷപ്രസംഗങ്ങൾ നടത്തുകയും ഹൂബ്ലി എന്ന സ്ഥലത്തു ഒരു സ്കൂൾ ആരംഭിച്ചു. അവിടെ തന്നെ ആരാധനകൂടിവരവും ആരംഭിക്കുവാൻ ഇടയായി .

1835 ഒക്ടോബർ 23ന് സാമുവേൽ ഹെബ്ബിക്ക് മംഗലാപുരത്തു നിന്ന് കണ്ണൂരിൽ എത്തുകയും പിന്നീട് കണ്ണൂർ കേന്ദ്രമാക്കി സുവിശേഷ പ്രവർത്തനങ്ങൾ ആരംഭിച്ചു . തദ്ദേശീയ വരായ മുക്കുവരോടും സാധുജനങ്ങളോടും സുവിശേഷം പങ്കു വെക്കുവാൻ ആരംഭിച്ചു . അങ്ങനെ അനേകർ ക്രിസ്തുവിനെ രക്ഷകനും കർത്താവുമായി അംഗീകരിക്കുവാൻ ഇടയായി.ഒരു സഭാകൂടി വരവ് കണ്ണൂരിൽ ആരംഭിക്കുകയും ചെയ്തു .

ഹെബ്ബിക്കും മിഖായേൽ ഉപദേശിയും ചേർന്ന്കണ്ണൂരി നടുത്തുള്ള അഞ്ചരക്കണ്ടിയിൽ പ്രവൃത്തിച്ചതിന്റെ ഫലമായി അനേകർ ക്രിസ്തുവിനെ അറിയുവാൻ ഇടയായി. ഒരു സഭാ കൂടിവരവും ഒരു സ്കൂളും അവിടെ ആരംഭിക്കുവാൻ ദൈവം സഹായിച്ചു .അങ്ങനെ സുവിശേഷപ്രവർത്തനങ്ങൾ വ്യാപിക്കുവാനും സഭ വളരുവാനും തുടങ്ങി. വിശ്വാസികൾ എണ്ണത്തിൽ പെരുകിത്തുടങ്ങിയപ്പോൾ അവരെ വചനം പഠിപ്പിക്കുവാനും അവരുടെ ഭൗതീകകാര്യങ്ങൾ നോക്കുവാനും കൂടുതൽ മിഷനറിമാരെ ആവശ്യമായി വന്നു .

ആ കാലഘട്ടത്തിൽ ഇന്ത്യയിൽ സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ലോകപ്രശസ്തനുംവിശ്വാസവീരനും പ്രാർത്ഥനാ ഭക്തനും ബ്രദറൺ കാരനുമായ ജോർജ്ജ് മുള്ളറുടെ അളിയൻ അന്തോണി നോറീസ് ഗ്രോവ്സ് ഇന്ത്യയിൽ തിരുന്നെൽവേലിയിൽ ഫെയ്ത്ത്മിഷൻ എന്ന പേരിൽ പ്രവർത്തനങ്ങൾ നടത്തിപ്പോന്നിരുന്നു . അവരുടെ സഹപ്രവർത്തകനും പണ്ഡിതനുമായ ഡോ .ഹെർമ്മൻ ഗുർട്ടിനെ കണ്ണൂരിലുള്ള പ്രവർത്തനങ്ങളെ സഹായിക്കണമെന്ന ആവശ്യം ഹെബ്ബിക്ക് സായിപ്പ് അറിയിക്കുകയും അതിൻ പ്രകാരം ഗുർട്ട് കണ്ണൂരിൽ വരുകയും ബാസൽമിഷൻപ്രവർത്തനത്തചുമതല ഏറ്റെടുക്കുകയും ചെയ്തു .

സാമുവേൽ ഹെബ്ബിക്ക് വിശ്വാസികളെ വചനം പഠിപ്പിക്കുകയും അവരെ സ്നാനപ്പെടുത്തുകയും വചനാനുസരണം ജീവിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു . തീരെ പാവപ്പെട്ടവരെ ഭൗതീകമായി സഹായിക്കുകയും ചെയ്തിരുന്നു . മാത്രമല്ല യുവാക്കളായവരെ സുവിശേഷകന്മാരാക്കി വാർത്തെടുക്കുവാൻ സാമുവേൽ ഹെബ്ബിക്കിന് സാധിച്ചിരുന്നു. സഭയിൽ വിദേശീയരും സ്വദേശിയരും എന്നുള്ള വേർതിരിവോ ഉയർന്ന ജാതിക്കാരനും താഴ്ന്ന ജാതിക്കാരനും എന്നുള്ള വ്യത്യാസമോ ഇല്ലാതെ എല്ലാവരും ക്രിസ്തുയേശുവിൽ സഹോദരിസഹോദരന്മാരാണെന്നുള്ളത് വ്യക്തമായി പഠിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തെ താടിക്കാരൻ പാതിരി എന്നാണ് സാധാരണ ജനങ്ങൾ വിളിച്ചിരുന്നത്.

സാമുവേൽ ഹെബ്ബിക്കിന്റെ പ്രവർത്തനങ്ങൾ വളരെ അത്ഭുതങ്ങൾ നിറഞ്ഞതാ യിരുന്നു. ദൈവജനം പെരുകിത്തുടങ്ങിയപ്പോൾ എതിർപ്പുകളും വർദ്ധിച്ചു കൊണ്ടിരുന്നു. ഒരു കൂട്ടം ക്രിസ്തു വിരോധികൾ ഹെബ്ബിക്ക്സായിപ്പിന്റെ. താടിക്കു തീ വെക്കും എന്ന് ഭീഷണി മുഴക്കി . എന്നാൽ അവരുടെ ഓലമേഞ്ഞ വീടുകൾ എല്ലാം തന്നെ കത്തി ചാമ്പലായി . കത്തിപ്പോയ വീടുകൾ എല്ലാം തന്നെ ഹെബ്ബിക്ക് സ്വന്ത പരിശ്രമത്താൽ ഓടുകൾ മേഞ്ഞു കൊടുക്കുകയുണ്ടായി. യേശു ഗിരിപ്രഭാഷണത്തിൽ ഉപദേശിച്ചതുപോലെ 'ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു പുത്രന്മാരായി തീരേണ്ടതിന്നു തന്നേ;' സാമുവേൽ ഹെബ്ബിക്ക് ഈ പ്രവൃത്തിയിലൂടെ ശത്രുക്കളെ സ്നേഹിക്ക മാത്രമല്ല അവരെ ക്രിസ്തുവിങ്കലേക്ക് നടത്തുവാനും സാധിച്ചു.

ഉത്സവങ്ങൾ നടക്കുന്ന സ്ഥലത്തു ഹെബ്ബിക്കും ശിഷ്യന്മാരും പോയി സുവിശേഷം പ്രസംഗങ്ങൾ നടത്തുക പതിവായിരുന്നു.. ഒരിക്കൽ കണ്ണൂരിൽ നിന്നും 25കിലോമീറ്റർ അകലെയുള്ള തളിപ്പറമ്പ് എന്ന സ്ഥലത്തെ ഒരു അമ്പലത്തിൽ ഉത്സവം നടക്കുമ്പോൾ അവിടെ സുവിശേഷം അറിയിക്കുവാൻ പോയി.ആദ്യ ദിവസങ്ങളിൽ വലിയ എതിർപ്പുകളൊന്നും ഉണ്ടായിരുന്നില്ല. പിറ്റേ ദിവസം ഹെബ്ബിക്ക് ഒരു മൺതിട്ടയുടെ മുകളിൽ നിന്ന് പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ചിലർ ഒരു ആനയെ ഓടിച്ചുക്കൊണ്ട് അദ്ദേഹത്തെ കുത്തുവാൻ ശ്രമിച്ചു .എന്നാൽ ഹെബ്ബിക്ക് സായിപ്പ് തന്നെ കുത്തുവാൻ വന്ന ആനയോട് യേശുവിന്റെ നാമത്തിൽ അവിടെ നിൽക്ക എന്ന് കല്പിച്ചപ്പോൾ എല്ലാവരെയും അതിശയപ്പെടുത്തിക്കൊണ്ട് ആന അവിടെ മുട്ട്കുത്തി ഇരുന്നു . ആന ഹെബ്ബിക്കിനേയും കൂട്ടു സഹോദരന്മാരെയും ഒന്നും ചെയ്യാതെ തിരിച്ചുപോയി .പിറ്റേ ദിവസം ഇതേ സ്ഥലത്തു ഇവരെ തടസ്സപ്പെടുത്തുവാൻ നാല് ആനകളെ വീണ്ടും കൊണ്ടുവന്നു. ജനം എല്ലാം നോക്കി നിൽക്കുമ്പോൾ നാല് ആനകളിൽ ഒരു ആന ജനങ്ങളുടെ ഇടയിലേക്ക് ഓടുകയുംഎല്ലാവരും ചിതറിപ്പോകുകയും ചെയ്തു. എന്നാൽ ഹെബ്ബിക്കിനേയും കൂട്ടു സഹോദരന്മാരെയും ഒന്നും ചെയ്തില്ല. ഈ ആനകളെ സൃഷ്ട്ടിച്ച സ്രഷ്ട്ടാവിന്റെ ദാസന്മാരെ ഒന്ന് തൊടുവാൻ പോലും ആനകൾക്ക് കഴിയുകയില്ല എന്നുള്ള സത്യം അന്ന് അവിടെയുള്ള ജനങ്ങൾ തിരിച്ചറിഞ്ഞു . ആന പാപ്പാനും അമ്പലത്തിലെ ഉത്തരവാദിത്വപ്പെട്ടവരും ഹെബ്ബിക്ക് സായിപ്പിന്റെ അടുക്കൽ വന്ന് ക്ഷമ ചോദിച്ചു. പിറ്റേ ദിവസം അതിൽ ഒരാന ചത്തുപോയി .അത് കണ്ടപ്പോൾ ജനം പറഞ്ഞു ദേവന്റെ ഉത്സവത്തിന് വന്ന ആനയെ ചാവാതെ സൂക്ഷിക്കുവാൻ ദേവന് കഴിഞ്ഞില്ലലോ, താടിക്കാരൻ പാതിരി പറയുന്നതു പോലെ ഇത് വെറും കല്ലുകൊണ്ടുള്ള പ്രതിമ മാത്രമാണ് ഇതിനു ജീവനില്ല എന്ന സത്യം അവർ മനസിലാക്കി. ഈ സംഭവം മുഖാന്തരം അന്ന് അവിടെ കൂടിയിരുന്നവരിൽ പലരും ജീവനുള്ള സത്യദൈവമായ ക്രിസ്തുവിനെ അറിയുവാൻ ഇടയായി .

പാലക്കാടു മുതൽ മംഗലാപുരം വരെയും കൂടാതെ കർണാടകയുടെ ഭൂരിഭാഗവും സുവിശേഷം അറിയിക്കുക മാത്രമല്ല മിഷനറിമാർചെയ്തത്. അവരുടെ വിദ്യാഭ്യാസത്തിന് സ്കൂളുകളും കോളേജുകളും, ഉപജീവനത്തിന് നെയ്തു ശാലകൾ,ഓട് ഫാക്ടറികൾ ,വ്യവസായങ്ങൾ തുടങ്ങിയ നിരവധി തൊഴിൽ മേഖലകൾക്ക് എല്ലാം തന്നെ ആരംഭം കുറിച്ചത് സാമുവേൽ ഹെബ്ബിക്കും ഹെർമ്മൻ ഗുർട്ടും തുടങ്ങിയ മിഷനറിമാരുടെനിസ്വാർത്ഥസേവനവും ത്യാഗത്തോടെയുള്ള പ്രവർത്തനം മൂലമാണ്. മലബാറിനെ ആധുനിക യുഗത്തിലേക്ക് കൈ പിടിച്ചുയർത്തിയതിൽ ഈ മിഷനറിമാരുടെ പങ്ക് ആർക്കും മറക്കുവാൻ കഴിയുന്നതല്ല .

സാമുവേൽ ഹെബ്ബിക്ക് ധീരനായ ഒരു സുവിശേഷ പോരാളിയായിരുന്നു. ഒരു സഞ്ചാര സുവിശേഷകനും, എല്ലാവരോടും സുവിശേഷം പറയുവാൻ പ്രത്യേകകൃപാവരം ഉള്ള വ്യക്തിയും,എല്ലാ മനുഷ്യരെയും സ്നേഹിക്കുവാനും, സാധുക്കളോടു വളരെ അധികം അനുകമ്പ കാണിക്കുന്നവനും ആയിരുന്നു. ക്രിസ്തുവിന്റെ ദിവ്യ സ്വഭാവങ്ങൾ തന്റെു ജീവിതത്തിലൂടെ ലോകത്തിന് കാണിച്ചുകൊടുത്ത നല്ലഭക്തനായിരുന്നു സാമുവേൽ ഹെബ്ബിക്ക് .

1859ൽ തനിക്ക് കരൾ സംബന്ധമായ അസുഖം ബാധിച്ചതുകൊണ്ടുംചികിത്സക്കായി ജർമനിയിലേക്ക് പോകുവാൻ നിർബന്ധിതനായി. മാർച്ച് 23ന് കണ്ണൂരിലുള്ള അഞ്ചൂറിൽ അധികം വിശ്വാസികൾകൂടിവന്ന് അദ്ദേഹത്തിന് ഹൃദയഭേദകമായ യാത്രയയപ്പാണ് നൽകിയത്... തങ്ങൾക്ക് സത്യമാർഗ്ഗം കാണിച്ചു തന്ന ദൈവപുരുഷനായ സാമുവേൽ ഹെബ്ബിക്കിനെകെട്ടിപ്പിടിച്ചു യാത്രയയപ്പ് നൽകി .

1868 മെയ് 21-ാം തീയതി അർദ്ധരാത്രിയോട് കൂടി തന്റെ രോഗത്താൽ ക്ഷീണിതനായി. താൻ മരിക്കുന്നതിന് മുമ്പ്ആ ക്രിസ്തു ഭക്തൻ ഇങ്ങനെ പറഞ്ഞു മലയാള രാജ്യത്തെ ഓർക്കേണമേ അത് തന്റെ അന്ത്യമൊഴിയായിരുന്നു . പൗലോസ് അപ്പോസ്തലൻ പറഞ്ഞതുപ്പോലെസാമുവേൽ ഹെബ്ബിക്കിനും പറയുവാൻ കഴിഞ്ഞു ' ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ'.

മെയ് 24 നുതന്റെ. ഭൗതീക ശരീരം ജർമ്മനിയിലെ സ്റ്റുട്ട് ഗാർട്ടിലുള്ള സെമിത്തേരിയിൽ അടക്കം ചെയ്തു. തന്റെആഗ്രഹപ്രകാരം അദ്ദേഹത്തെ പുകഴ്ത്തിയുള്ള ഒരു അനുസ്മരണവും ശവസംസ്കാര ശുശ്രുഷയിൽ ഉണ്ടായിരുന്നില്ല . സാമുവേൽ ഹെബ്ബിക്കിനെ പോലുള്ള ധീരന്മാരായി കർത്താവിൽ മാത്രം ആശ്രയിച്ച് കർത്താവിനെ മാത്രം സ്നേഹിച്ചും വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിക്കുന്നവരായ അനേകർ എഴുന്നേൽക്കുവാൻ വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

# പ്രത്യാശയിലെ ഭാഗ്യം





തോംസൺ ഡാനിയേൽ ജോൺ

അതുകൊണ്ടു നമ്മുടെ ദൈവം പ്രത്യാശയുടെ ദൈവം ആണ്. **പ്രത്യാശ ഒരു വാതിലാണ്**. പ്രത്യാശയുടെ വാതിലായ ആഖോർ താഴ്‌വര. ഭാവിയിലേക്കു ഇറങ്ങുന്ന വാതിലാണ് പ്രത്യാശ ദൈവകരങ്ങളിലാണ് ആ വാതിൽ ഇരിക്കുന്നത്. ഏത് സമയത്തും അത് തുറക്കപ്പെടും എന്നതിനാൽ ഒരു ദൈവ പൈതൽ അതിനായി നോക്കി പാർക്കുന്നു.

### ആഖോർ

ആഖാന്റെ പാപം. (ശപഥാർപ്പിത വസ്തുവിൽ ചിലത് എടുത്ത് യഹോവയുടെ കോപം യിസ്രായേൽ മക്കളുടെമേൽ ജ്വലിച്ചു.)
യെരിഹോവിന്റെ വിജയത്തിനു ശേഷം ഹായി പിതാക്കൻമാരുടെ മുമ്പിൽ നിന്ന് തോറ്റോടേണ്ടുന്ന അവസ്ഥവന്നു. ശാപം നിങ്ങളുടെ ഇടയിൽ നിന്ന് നീക്കുക, ശുദ്ധീകരിക്കുക. അവന്റ പാപം യിസ്രായേലിനെയും ബാധിച്ചു. ആഖാനും കുടുംബവും കല്ല് എറിഞ്ഞു കൊല്ലപ്പെട്ടു. ദൈവത്തിന്റെ കോപം മാറി.

### പ്രത്യാശ ആത്മാവിന്റെ നങ്കൂരമാണ്.

Heb:18-19- പ്രത്യാശ ആത്മാവിന്റെ നങ്കൂരമാണ്. പാറ സ്ഥലങ്ങളിൽ അകപ്പെടും എന്ന് പേടിച്ച് അവർ അമരത്തിൽ നിന്ന് നങ്കൂരം ഇടും.
പൗലോസ് റോമിലേക്ക് യാത്ര ചെയ്യുമ്പോൾ കപ്പൽ കൊടുങ്കാറ്റിൽപെടുന്ന സംഭവം. ഈ കപ്പലിനെ പോലെ നമുക്കും തകർച്ചകൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. നമ്മുടെ മുമ്പിൽ വച്ചിട്ടുള്ള ആ പ്രത്യാശ നാം മുറുകെ പിടിക്കുവാൻ ആവശ്യം ഉണ്ട്. സകലത്തിനും മുമ്പേ വാഗ്ദത്തം ചെയ്ത നിത്യജീവന്റെ പ്രത്യാശ. കൊടുംകാറ്റിൽ ആടിയുലന്ന കപ്പലിനെ സമുദ്രത്തിൽ പിടിച്ചു നിർത്തുവാൻ നങ്കൂരമാവശ്യമാണ്. നങ്കൂരമില്ലാതെ കപ്പലിന് കടലിൽ ഉറച്ചു നിൽക്കുവാനാകില്ലാ. ഇതുപോലെ ക്രിസ്തീയ ജീവിതത്തിലെ പ്രതിസന്ധികളിൽ ഉറച്ചു നിൽക്കണമെങ്കിൽ പ്രത്യാശ നങ്കൂരം ആവശ്യമാണ്. പ്രത്യാശ നഷ്ടപ്പെട്ടാൽ പിന്നെ ഒരു മനുഷ്യന്റെ ജീവിതം പ്രയാസകരമാണ്.
**ദൈവ മക്കളുടെ പ്രത്യാശ എന്ന് പറയുന്നത് നമ്മുടെ കർത്താവായ യേശുക്രിസ്തുവാണ്.** ലോകപരമായി മനുഷ്യൻ ചിന്തിക്കുമ്പോൾ ഈ ലോകത്തിൽ പ്രശ്നങ്ങൾ പ്രതികൂലങ്ങൾ ജിവിതത്തിൽ നേരിടുമ്പോൾ അവർ ആഗ്രഹിക്കുന്ന നിലയിൽ കാര്യങ്ങൾ നടക്കാതെ വരുമ്പോൾ ആഗ്രഹിക്കുന്ന ലക്ഷ്യങ്ങളിൽ എത്താൻ കഴിയാതെ വരുമ്പോൾ മനുഷ്യൻ നിരാശനായിത്തീരും. ഈ കോവിഡ് കാലത്തും നമുക്ക് ഇത് ധാരാളം കാണുവാൻ കഴിഞ്ഞു. അനേകർ ജീവിതത്തിൽ നിരാശരായിതീരുന്ന അവസ്ഥ.
എന്നാൽ ഒരു ദൈവപൈതലിന്റെ പ്രത്യാശ ദൈവത്തിൽ അടിസ്ഥാനപ്പെട്ടതാണ്. യഹോവയിൽ പ്രത്യാശ വെയ്ക്കുക. ധൈര്യപ്പെട്ടിരിക്കുക. നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ. അതേ യഹോവയിൽ പ്രത്യാശ വെയ്ക്കുക. ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല. ആകയാൽ കർത്താവ് എനിക്കു തുണ മനുഷ്യന് എന്നോട് എന്തു ചെയ്യുവാൻ കഴിയും എന്ന് നമുക്കു ധൈര്യത്തോടെ പറയാം. പ്രത്യാശ പ്രതിസന്ധികളെ നേരിടുകയും വിജയിപ്പിക്കുകയും ചെയ്യും വിശ്വാസത്തിന് പരിശോധന ഉള്ളതുപോലെ പ്രത്യാശയിലും പരിശോധനയുണ്ട്.
ഒരു മകൻ ഉണ്ടാകുമെന്ന പ്രത്യാശ അബ്രാഹാമിനോ സാറക്കോ ഉണ്ടായിരുന്നില്ല. എന്നാൽ ദൈവം അവരോട് പറഞ്ഞു അവർക്കു ഒരു മകൻ ഉണ്ടാകുമെന്ന്. ദൈവം അവരോട് പറഞ്ഞ വാക്കുകൾ ആശക്കു വിരോധമായി. ആശയോടെ വിശ്വസിച്ചു. മാനുഷികമയി അസാദ്ധ്യമാണ് എന്ന് തോന്നിയാലും ദൈവം സാധ്യമാകും എന്ന വിശ്വാസമാണ് നീണ്ട വർഷങ്ങൾ അബ്രഹാം കാത്തിരുന്നത്. അബ്രഹാമിന് ശാരീരികമായ കഴിവുകൾ ഉണ്ടെങ്കിൽ അത് ഇല്ലാതാകുവോളം ദൈവം കാത്തിരുന്നു. ഇത് യഹോവയാൽ മാത്രം സംഭവിക്കേണ്ട കാര്യവുമാണ്. അബ്രഹാമിന്റെ പ്രത്യാശ അനേക പ്രതിസദ്ധികളെ നേരിട്ടു. അവൻ അവയെ ജയിച്ച് വാഗ്ദത്തം നേടിയെടുത്തു. അവൻ യഹോവയിൽ വിശ്വസിച്ചു അത് അവന് നീതിയായി കണക്കിട്ടു. അബ്രഹാം പരീക്ഷിക്കപ്പെട്ടു. ഇവിടെ അബ്രഹാമിന്റെ ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം". ദൈവം തനിക്കു ഹോമയാഗത്തിനുള്ള ഒരു ആട്ടിൻ കുട്ടിയെ നോക്കിക്കൊള്ളും. ദൈവം അവനോട് ചെയ്ത ഉടമ്പടി ആ പ്രത്യാശയിൽ അബ്രഹാം പൂർണ്ണമായി വിശ്വസിച്ചു. ദൈവീക ഉടമ്പടി അവന്റെ ജീവിതത്തിൽ നിറവേറും എന്നും പൂർണ്ണമായ പ്രത്യാശ അബ്രഹാമിനുണ്ടായിരുന്നു. അവൻ അവന്റെ പ്രവർത്തി ചെയ്തു. അവൻ ധൈര്യ പൂർവ്വമായി വിശ്വാസത്തിൽ പ്രതികരിച്ചു.ദൈവം അവനു വേണ്ടി കരുതി. അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങലുടെ സകല ചിന്താകുലങ്ങളും അവന്റെ മേൽ ഇട്ടുകൊൾവീൻ.

### നാം കാത്തിരിക്കുന്ന പ്രത്യാശ.

പത്രോസ് ഈ പ്രത്യാശയെ ജീവനുള്ള പ്രത്യാശ എന്നു വിളിക്കുന്നു. അത് അന്ത്യകാലത്ത് വെളിപ്പെടുന്ന പ്രത്യാശയാണ്. ക്ഷയം മാലിന്യം വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായി വീണ്ടും ജനിപ്പിച്ചിരുന്നു. അതുകൊണ്ട് ഇപ്പോൾ അൽപ്പനേരത്തേക്ക് നാനാ പരീക്ഷകളാൽ ദുഃഖിക്കേണ്ടിവന്നാലും നിങ്ങളുടെ മനസ് ഉറപ്പിച്ച് നിർമ്മലരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയും നിങ്ങൾക്ക് വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചുകൊൾവിൻ. ക്രിസ്തുവിന്റെ പ്രത്യക്ഷത നമ്മുടെ രക്ഷയുടെ പൂർത്തികരണമാണ് നാം പ്രത്യാശിക്കുന്നത് ഭാഗ്യകരമായ പ്രത്യാശ പൗലോസിന്റെ വാക്കുകൾ.നാം ഈ ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കുമായി കാത്തിരിക്കാം.

### ഉത്തരവാദിത്വം

അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്തത് എന്തിന്? നാം സൽപ്രവർത്തികളിൽ മടുപ്പില്ലാത്തവരും ശുദ്ധീകരിക്കണം പ്രാപിക്കുന്നവരും ആകണം. ഇത് പൂർണ്ണ ഗൗരവത്തോടെ പ്രസംഗിക്കണം, പ്രബോധിപ്പിക്കണം, ശാസിക്കണം. ആരും നിന്നെ തുച്ഛീകരിക്കരുത്. നമ്മുടെ ഈ ലോകത്തിലെ കഷ്ടതകൾക്കു അവസാനമുണ്ടാകും. നാം അവനോടൊന്നിച്ച് നിത്യയുഗങ്ങളിൽ വസിക്കും. ഇതാണ് പ്രത്യാശയുടെ ആത്യന്തികാനുഭവം. (1 കൊരി 15,58) ആകയാൽ എന്റെ പ്രിയ സഹോദരന്മാരെ നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല. എന്ന് അറിഞ്ഞിരിക്കുകയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരാകുവീൻ.

# സ്ത്രീകളുടെ സ്വാധീനം

സിസ്റ്റർ ശാന്ത ജെ. ഫിലിപ്പ്



സ്ത്രീ സ്വാതന്ത്ര്യത്തിനും, പുരുഷന്മാരോടൊപ്പം തുല്യ പങ്കാളിത്തത്തിനും വേണ്ടി വളരെ ശബ്ദമുയർത്തുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. പുരുഷന്മാരിൽ നിന്നും ,സ്ത്രീകൾ ഒട്ടും പിന്നോക്കമല്ലെന്നു തെളിയിക്കുവാൻ വെമ്പൽ കൊള്ളുന്ന ഒരു സമൂഹമാണിത്.

സ്ത്രീകൾക്ക് മാന്യമായ സ്ഥാനം ബൈബിളിൽ കൊടുത്തിട്ടുണ്ട്. എന്നു മാത്രമല്ല വളരെ അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷകൾ നിർവ്വഹിക്കുവാൻ അവരെ പ്രാപ്തരാക്കിയിട്ടുണ്ട്. നല്ല സമൂഹത്തെയും രാഷ്ട്രത്തെയും, കുടുംബത്തെയും കെട്ടിപ്പടുക്കുവാൻ അവർക്കു കഴിയും.

എല്ലാം കൊണ്ടും സമൃദ്ധമായ ഏദെൻ തോട്ടത്തിൽ ദൈവം ആദാമിനേയും ഹവ്വായെയും ആക്കി. സായാഹ്ന വേളയിൽ ദൈവം തോട്ടത്തിലെത്തി വനരോടു കൂടെ നടന്നിരുന്നു, എന്നാൽ ഹവ്വയുടെ ആഗ്രഹം "എനിക്ക് ദൈവത്തെപ്പോലെയാകണം" എന്നായിരുന്നു. അവൾ സാത്തനിലാൽ വഞ്ചിക്കപ്പെട്ടു എന്നു മാത്രമല്ല ആദാമിനേയും പാപത്തിലേക്കു വലിച്ചിഴക്കുവാൻ അവൾക്ക് കഴിഞ്ഞു. പാപത്തിന്റെ ഫലമായി എല്ലാം നഷ്ടമാകുകയും ചെയ്തു.

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോനെക്കുറിച്ച് ദൈവം പറയുന്നത് "ജ്ഞാനവും വിവേകവുമുള്ള ഒരു ഹൃദയം ഞാൻ നിനക്കു തന്നു. നിനക്ക് സമനായവൻ നിനക്ക് മുമ്പ് ഉണ്ടായിട്ടില്ല നിനക്ക് സമനായവൻ നിനക്ക് ശേഷവുമുണ്ടാകയില്ല." (1 രാജാ 3:12) ശാലോമോൻ ഭൂമിയിലുള്ള സകല രാജാക്കന്മാരിലും ധനം കൊണ്ടും ജ്ഞാനം കൊണ്ടും മികച്ചവനായിരുന്നു. (1 രാജാ 10:23) ശേബ രാജ്ഞി ശലോമോനെക്കുറിച്ച് പറയുന്നത് "ഞാൻ എന്റെ ദേശത്തു വച്ചു കേട്ട വർത്ത മാനം സത്യം തന്നെ. എന്നാൽ പകുതിപോലും ഞാൻ അറിഞ്ഞിരുന്നില്ല (1 രാജാ 10:8)

ഇത്ര വലിയ രാജാവായിരുന്ന ശലോമോനെപ്പോലും സ്ത്രീയുടെ സ്വാധീനത്തിൽ നിന്നും ഒഴിഞ്ഞുമാറുവാൻ സാധിച്ചില്ല. അവർ ശലോമോന്റെ ഹൃദയത്തെ തങ്ങളുടെ ദേവന്മാരിലേക്ക് വശീകരിച്ചു. (1 രാജാ 11:2), ശലോമോൻ ദൈവത്തെ ഉപേക്ഷിച്ച് അന്യദൈവത്തിങ്കലേക്ക് തിരിഞ്ഞു. യഹോവയ്ക്ക് വെറുപ്പായുള്ള പ്രവൃത്തികൾ ചെയ്തു. (1 രാജ. 11:6) . അതിന്റെ ഫലമോ, രാജ്യം വിഭാഗിക്കപ്പെട്ടു. പത്ത് ഗോത്രങ്ങൾ അവന്റെ കുടുംബത്തിന് നഷ്ടമായി. യഹോവ യുടെ കോപം അവന്റെ മേൽ വന്നു. (1 രാജ. 11:11)

ഉള്ളതുകൊണ്ട് സംതൃപ്തിയടയുവാൻ ഇന്ന് അനേകർക്ക് കഴിയാതെ ഭർത്താക്കന്മാരെ പാപത്തിലേക്കു നയിക്കുവാനും, കൈക്കൂലിക്കും അതുപോലെയുള്ള ഹീന നടപടികളിലേക്കും പ്രേരിപ്പിക്കുവാനുള്ള സ്ത്രീകളുടെ സ്വാധിനത ഒട്ടും ചെറുതല്ല.

സ്വന്തം മകനെ ശമ്പളം മേടിച്ചു വളർത്തിയ സ്ത്രീയാണ് മോശയുടെ അമ്മ. അവൾക്ക് ലഭിച്ച അല്പ സമയം കൊണ്ട് (8 വർഷം) അവൾ പഠിപ്പിക്കേണ്ടതെല്ലാം മോശയെ പഠിപ്പിച്ചു. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. വൃദ്ധനായാലും അവനത് വിട്ടുമാറുകയില്ല ആ അമ്മയുടെ അഭ്യസനം യിസ്രായേലിന്റെ അടിമ ജീവിതത്തിൽ നിന്നും അവരെ വിടുവിക്കാനുള്ള ഒരു നായകനെ ഒരുക്കുകയായിരുന്നു. മോശ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാല ഭോഗത്തെക്കാളും ദൈവജനത്തോടു കൂടെ കഷ്ടമനുഭവിക്കുന്നത് തെരഞ്ഞടുത്തു (എബ്രാ . 11:24). - ക്രിസ്തുവിന്റെ നല്ല ഒരു ഭടനും വിശ്വാസവീരനായിരുന്നു തിമൊഥയോസ്. ജീവിതാവസാനം വരെ നല്ല സാക്ഷ്യമുള്ളവനായി കർത്താവിനുവേണ്ടി പൊരുതി. അവനെക്കുറിച്ച് പൗലോസ് പറയുന്നത്. ആ വിശ്വാസം നിന്റെ വലിയമ്മ ലോവിസിലും അമ്മ യുനിക്കയിലും ഉണ്ടായിരുന്നു. നിന്നിലും ഉണ്ടെന്ന് ഞാൻ ഉറച്ചിരിക്കുന്നു (2 തിമൊ. 1:5).

▶▶6

പ്രിയ സഹോദരിമാരെ നാം ദൈവത്തിന്റെ സന്നിധിയിൽ വിലയേറിയവരും മാന്യരുമാണ്. ക്രിസ്തു എന്ന തലയോളം വളരുവാൻ വിളിക്കപ്പെട്ടവരാണ്. അവന്റെ സ്വരൂപത്തോട് നമ്മൾ അനുരൂപരാകുവാൻ ഭാഗ്യം നമ്മൾക്കുണ്ട്. നമ്മൾ ഭാഗ്യവതികളാണ്. ഇങ്ങനെയുള്ളവരായ നാം നമ്മുടെ സ്വാധീനത എത്രത്തോളമുണ്ടെന്ന് വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ ഭർത്താക്കന്മാരെ, മക്കളെ കർത്താവിങ്കലേക്ക് നിലനിർത്തുന്നവരോ, അതോ നമ്മുടെ സ്വാധീനത മുഖാന്തരം അവരുടെ നോട്ടം ഭൂമിയിലുള്ള നിക്ഷേപങ്ങളിലേക്കോ?

# സഭായോഗങ്ങൾ : ആത്മീയ ആസ്വാദനവും കാര്യക്ഷമതയും



സണ്ണിതോമസ്, പുതുപ്പള്ളി

ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ ഈ വ്യത്യാസങ്ങൾ വരുത്തി പുതിയ പതിപ്പ് ബൈബിൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തങ്ങൾക്കു താല്പര്യമില്ലാത്തവരും കഴിവ് കുറഞ്ഞവരും പ്രസംഗിക്കുമ്പോൾ ശ്രദ്ധിക്കാതെ മറ്റു വേദഭാഗങ്ങൾ വായിക്കുകയും നോട്ടുകൾ കുറിക്കുകയും ചെയ്യുന്ന ദൈവദാസന്മാരെ കണ്ടിട്ടുണ്ട്. അത് നിരുത്സാഹപ്പെടുത്തലാണ്, അപമാനിക്കലാണ്. ആരാധന അർപ്പിക്കുന്നതിനു പകരം ആരാധനക്കുള്ള ആഹ്വാനമാണ് കൂടുതലായി കേൾക്കാറുള്ളത്.കഷ്ടാനുഭവ ചിന്തകൾ പങ്കിടുന്നത് പതിനഞ്ചും ഇരുപതും മിനിറ്റുകൾ നീളുന്ന ബൈബിൾ ക്ലാസ്സുകളായും പ്രസംഗങ്ങളായും പരിണമിക്കുന്നു. പാപപരിഹാരകനായിത്തീർന്ന യേശുകർത്താവിന്റെ കഷ്ടാനുഭവചിന്തകളെക്കൊണ്ട് ഹൃദയങ്ങളെ നിറക്കുകയും അന്തരംഗത്തിൽ കുമിഞ്ഞുയരുന്ന നന്ദിയുടെയും സ്തുതിയുടെയും ഞരക്കങ്ങൾ മൗനഭാഷയിലൂടെ അല്ല ഉച്ചത്തിലുള്ള സ്തോത്രസ്തുതി സ്വരങ്ങളായി ദൈവസന്നിധിയിലേക്ക് ഉയരുകയും വേണം. ഹൃദയം കൊണ്ടു വിശ്വസിക്കുകയും വായ് കൊണ്ടു ഏറ്റുപറകയും വേണം. ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്.

വചനശുശ്രൂഷ ശുശ്രൂഷകന്റെ അറിവും പ്രസംഗപാടവും പ്രദർശിപ്പിക്കുന്ന വേദിയായിത്തീരുന്നതല്ലാതെ ജനത്തിന്റെ ഹൃദയങ്ങളെ സ്പർശിക്കുവാൻ പലപ്പോഴും കഴിയാതെ പോകുന്നു. നീറുന്ന ഹൃദയങ്ങൾക്ക് ആശ്വാസവും, ആശ്രിതർക്ക് ധൈര്യവും പരാജിതർക്കു ആത്മവിശ്വാസവും, കളങ്കിതർക്കു പുനർചിന്തനത്തിനും മടങ്ങിവരവിനും അവസരം ഉണ്ടാക്കുന്നതും, വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ വർദ്ധിപ്പിക്കുന്നതുമായിരിക്കണം. പ്രസംഗമദ്ധ്യേ പറയുന്ന വേദഭാഗങ്ങൾ അൽപ്പം മത്സര ബുദ്ധിയോടെയെങ്കിലും വേഗം ഉച്ചത്തിൽ സ്ഫുടമായി വായിച്ചു സഹോദരിമാരും സഹായിക്കുക. പ്രസംഗിക്കുന്നവനു ആശ്വാസവും ഒരു സംയുക്ത ശുശ്രൂഷയുടെ അനുഭൂതിയും ഉളവാക്കുന്നു. പ്രാർത്ഥനാ സമയത്തു കണ്ണുകൾ തുറന്നു അശ്രദ്ധരായിരിക്കുന്നതു ചിലർക്കെങ്കിലും പതിവാണ്. പ്രാർത്ഥനയ്ക്കു കണ്ണുകൾ അടക്കണം എന്ന് വചനം ആവശ്യപ്പെടുന്നില്ലെങ്കിലും (രണ്ടു സന്ദർഭങ്ങളിൽ കർത്താവ് സ്വർഗ്ഗത്തേക്കു നോക്കിയാണ് പ്രാർത്ഥിച്ചത്) കണ്ണടക്കുന്നതു ചുറ്റുപാടും നടക്കുന്ന ചലനങ്ങൾ അലട്ടാതെ മനസ്സിനെ ഏകാഗ്രമാക്കുന്നതിനു ഏറെ സഹായിക്കും. മുട്ടുമടക്കുന്നതും തലകുനിക്കുന്നതും കവിണ്ണുവീണുകിടക്കുന്നതും സമർപ്പണം, താഴ്മ, സമ്പൂർണ ആശ്രയം എന്നിവയുടെ മൂർത്തീഭാവങ്ങൾ ആണ്.

പ്രാർത്ഥനയുടെ സമയദൈർഘ്യം നിഷ്കർഷിച്ചിട്ടില്ലെങ്കിലും നീണ്ട പരസ്യ പ്രാർത്ഥന ഏകാഗ്രത നഷ്ടപ്പെടുത്തുന്നു. പതിവ് ഔപചാരിക വാചകങ്ങൾ മാറ്റി ഹൃദയത്തിൽ നിന്നുയരുന്ന ലളിത സംസാരഭാഷ ഉപയോഗിക്കുന്നത് കൂടുതൽ ഹൃദ്യമായി തോന്നിയിട്ടുണ്ട് വിജാതീയരിൽ നിന്നും രക്ഷിക്കപ്പെട്ടുവരുന്നവരുടെ ആദ്യകാല പ്രാർത്ഥനകൾ ശ്രദ്ധിച്ചാൽ മനസ്സിലാകും.

### സ്തോത്രകാഴ്ച

യോഗത്തിനു പുറപ്പെടുന്നതിനു മുമ്പേ തന്നെ പ്രാപ്തിയുള്ളതു പോലെ സന്തോഷത്തോടെ അർപ്പിക്കാൻ ക്രമീകരിക്കണം. പതിറ്റാണ്ടുകളായി ഒരേ തുക തന്നെ അർപ്പിക്കുന്നവർ കാലം വരുത്തിയ മാറ്റങ്ങൾ കണ്ടില്ല എന്ന്നടിക്കുന്നു. സ്തോത്രകാഴ്ച സഞ്ചി വന്നുകഴിയുമ്പോൾ ധൃതിയിൽ പേഴ്സ് തുറന്നു കയ്യിൽ കിട്ടുന്നതെടുത്തു ഇടുമ്പോൾ ഈ പറഞ്ഞ മൂല്യങ്ങൾ ഒന്നും അതിൽ കണ്ടു എന്നുവരികയില്ല. കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും അർപ്പിക്കുവാനുള്ള തുക യോഗത്തിനു മുമ്പേ തന്നെ അവരുടെ കയ്യിൽ ഏൽ പ്പിക്കുവാൻ മറക്കരുത്. ഒരു പക്ഷെ അത് സാധിച്ചില്ല എങ്കിൽപ്പിന്നെ യോഗമദ്ധ്യേ കൈമാറ്റം ചെയ്യുവാൻ ശ്രമിക്കാതിരിക്കുന്നതാണ് ഉചിതം. സ്തോത്ര കാഴ്ചാർപ്പണം ഒരു ആരാധനയാണ്. അതിന്റെ പ്രാധാന്യം വളരെ വലുതാണ് എന്ന് അനന്യാസ് സഫീറ ദമ്പതികളുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

# മനോഭാവം – തമ്മിൽ തമ്മിൽ

ഡേവിഡ് പി. ഐസക്ക്



കഴിഞ്ഞലക്കം തുടർച്ച

'അവരുടെ ഇടയിൽ ആരാണ് വലിയവൻ' എന്നുള്ള ഈ ചിന്ത അവരുടെ പരസ്പര സ്നേഹത്തിനും, സഹകരണത്തിനും, കൂട്ടായ്മയ്ക്കും ഭംഗം ഉണ്ടാക്കി. യേശു അവരുടെ ഹൃദയ വിചാരം കണ്ടു. അപ്പോസ്തല പ്രവർത്തി 8:20 മുതൽ 22 വരെ ഒരു ശീമോൻ അവിടെ പ്രത്യക്ഷപ്പെടുന്നത് കാണുവാൻ സാധിക്കും, അവൻ അല്പം പണക്കാരനാണ്, താൻ ദൈവത്തിന്റെ കൃപാവരം അപ്പോസ്തലന്മാരിൽ നിന്നും കൈക്കലാക്കു വാൻ ദ്രവ്യം കൊടുത്തു, പക്ഷേ അവന്റെ മനോഭാവത്തെ അപ്പോസ്തലന്മാർ ശാസിച്ചു' നിന്റെ പണം നിന്നോട് കൂടെ നശിച്ചു പോകട്ടെ നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേർ ഉള്ളതല്ല, നീ വഷളത്വം വിട്ട് മാനസാന്തരപ്പെട്ടു കർത്താവിനോട് പ്രാർത്ഥിക്കണമെന്ന്' പ്രബോധിപ്പിച്ചു. വലിയവൻ ആര് എന്നുള്ള ചിന്തയ്ക്ക് ഒരു ചുട്ട മറുപടി'ഒരു ശിശുവിനെ അരികിൽ നിർത്തി നിങ്ങൾ തിരിഞ്ഞു ഈ ശിശുവിനെപ്പോലെ ആകണം എന്നു കർത്താവു പറഞ്ഞു. കുഞ്ഞുങ്ങൾ ഏതു കുഞ്ഞുങ്ങളെ കണ്ടാലും കൂട്ടുകൂടും, പാട്ടു പാടും, ഒന്നിച്ച് കളിക്കും, ചിരിക്കും, ഭക്ഷിക്കും മാത്രമല്ല അവരിൽ കപടം ഇല്ല എന്നു പറഞ്ഞാൽ നിഷ്കളങ്ക മനസ്സിന് ഉടമയാണ് അതുപോലെ നിങ്ങൾ ആകണമെന്ന് അത്രേ ക്രിസ്തു മുഖാന്തരം പഠിപ്പിച്ചത്. കർത്താവ് കൈകൊണ്ടവരെ നാം കൈക്കൊള്ളുവാൻ മനസ്സുള്ളവർ ആയിരിക്കണം.

**2) സഹപ്രവർത്തകനോടുള്ള തെറ്റായ മനോഭാവം 9:49,50– A wrong attitude to one another.**

അവരുടെ ആന്തരിക സ്വഭാവം പഠിച്ചാൽ അസൂയ നിറഞ്ഞ് വളരെ critical stage ൽ എത്തിയിരിക്കുകയാണ്. അറിയപ്പെടാത്ത ഒരു ശിഷ്യൻ ഭൂതങ്ങളെ പുറത്താക്കിയത് കൊണ്ട് അവനെ ആക്രമിക്കാൻ വന്നു, എന്നാൽ ശിഷ്യന്മാർ എന്ന് പേർ കൊണ്ട പ്രഗൽഭന്മാർക്ക് ഈ കാര്യത്തിൽ പരാജയം സംഭവിച്ചു 9: 31– 41. ഒരു ഏകജാതനായ മകന് ദുരാത്മാവ് കൂടി ശിഷ്യന്മാരോട് അപേക്ഷിച്ചു, അവനോടു കരുണ തോന്നണം സൗഖ്യം കൊടുക്കണം, പക്ഷേ അവർക്ക് കഴിഞ്ഞില്ല. മർക്കോസ് 3:13,14ൽ കർത്താവ് എന്തിനാണ് ശിഷ്യന്മാരെ തെരഞ്ഞെടുത്തത് തന്നോടുകൂടെ ഇരിപ്പാൻ, പ്രസംഗിക്കാൻ, ഭൂതങ്ങളെ പുറത്താക്കാൻ അധികാരം കൊടുത്തു പക്ഷേ ലൂക്കോസ് 9 -ൽ ഇവർ പരാജയപ്പെട്ടു. ഒരുത്തൻ എന്നുള്ള ആ പദം ശ്രദ്ധിക്കുക ഇവിടെ ശിഷ്യന്മാർ യഥാർത്ഥ ആത്മീയന്മാർ ആയിരുന്നെങ്കിൽ അവനെ വിരോധിക്കുക ഇല്ലായിരുന്നു. ആത്മീകർ എപ്പോഴും മറ്റുള്ള കൂട്ടു പ്രവർത്തകരെ, പ്രവർത്തനങ്ങളെ അഭിനന്ദിക്കും. നാടൻ ഭാഷയിൽ പറഞ്ഞാൽ കുശുമ്പ് ഉള്ളവൻ എന്നും കുശുകുശുക്കുന്നവനായിരിക്കും. പ്രിയപ്പെട്ടവരെ നിങ്ങൾക്ക് നിങ്ങളുടെ കൂട്ടുസഹോദരങ്ങളോട് ഉള്ള മനോഭാവം എങ്ങനെയിരിക്കുന്നു, അവന്റെ പ്രസംഗത്തെ, ശുശ്രൂഷയെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്നുണ്ടോ? ശിഷ്യന്മാരിലും അസൂയ നിറഞ്ഞ ഹൃദയമുള്ളവർ ഉണ്ടായിരുന്നു സംശയമില്ല.

**3) വേർപെടാത്ത അവരോടുള്ള മനോഭാവം 9:51–55. A wrong attitude to the unconverted**

ശമര്യക്കാരും യഹൂദരും തമ്മിൽ മത്സര മനോഭാവം വെച്ചുപുലർത്തുന്നവരാണ്,. ശമര്യക്കാർ യേശുവിനെ സ്വീകരിച്ചില്ല കൈക്കൊണ്ടില്ല കാരണം യേശുവിന് യെരുശലെമിലേക്ക് പോകണമായിരുന്നു പക്ഷേ അവരുടെ നിലപാട് ശിഷ്യന്മാർക്ക് വലിയ കോപം ഉളവാക്കി. യാക്കോബ് 1: 20ൽ നാം വായിക്കുന്നു മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ മനോഭാവത്തെ നീക്കി ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നതാണ് ഉചിതം. ഇവിടെ യാക്കോബും യോഹന്നാനും കണ്ടിട്ടു ആകാശത്തിൽ നിന്ന് തീ ഇറക്കി (ഏലിയാവ് ചെയ്തതുപോലെ) അവരെ (ശമര്യരെ) നശിപ്പിപ്പാൻ ഞങ്ങൾ പറയുന്നത് നിനക്ക് സമ്മതമാണോ എന്ന് ചോദിച്ചു. കരുണയുള്ള കർത്താവ് പ്രതികാരവാഞ്ചയോടെ വന്ന രണ്ട് ശിഷ്യന്മാരുടെയും മനോഭാവത്തെ ശാസിച്ചു.

പ്രിയ ദൈവമക്കളെ ദൈവീക ശുശ്രൂഷ ചെയ്യുന്നവരോടും, നിങ്ങളുടെ കൂട്ടു സഹോദരങ്ങളോടും, മറ്റുള്ളവരോടുമുള്ള നിങ്ങളുടെ മനോഭാവം എങ്ങനെ? പൗലോസ് കൊരിന്ത്യരോട് പറഞ്ഞതുപോലെ നിങ്ങൾ മറ്റുള്ളവർക്ക് ഒരു ദോഷവും ചെയ്യാതിരിക്കണം നിങ്ങൾ കുറ്റക്കാരാകാതിരിക്കണം, നിങ്ങൾ നന്മ ചെയ്യുന്നവർ ആയിരിക്കണം. നിങ്ങൾ എത്ര കൃപാവരങ്ങൾ ഉള്ളവർ ആയിരുന്നാലും, കഴിവുള്ളവർ ആയാലും കർത്താവു പഠിപ്പിച്ച ഉപദേശ സത്യങ്ങളെ പ്രായോഗിക ജീവിതത്തിൽ കൊണ്ടുവരാൻ നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ നിങ്ങളുടെ പ്രസംഗം വ്യർത്ഥം നിങ്ങളുടെ പ്രവർത്തി വ്യർത്ഥം. ഈ യാഥാർത്ഥ്യങ്ങൾ നമ്മൾ ഗ്രഹിച്ചിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു. എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നെ പ്രസാദിക്കാ തിരിക്കുകയും വേണം. ഇവ നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടത്തിന് എഴുതിയിരിക്കുന്നു. എന്നാൽ നിങ്ങൾ ഐക്യമത്യപെട്ടു നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പിതാവായ ദൈവത്തെ ഏകമനസ്സോടെ ഒരു വായിനാൽ മഹത്വീകരിക്കേണ്ട താകുന്നു അതിന് കർത്താവ് നമ്മെ സഹായിക്കട്ടെ.

▶▶7

# ഒരു അനുസ്മരണം


ഓർമ്മപ്പെടുത്താൻ ഒരുപാട് കാര്യങ്ങളും എനിക്കുണ്ട്. വാളറയ്ക്ക് സമീപം പന്ത്രണ്ടാം മൈൽ എന്ന സ്ഥലത്ത്,സുവിശേഷ വേലയ് ക്കായി താമസിക്കുവാൻ തനിക്ക് ലഭിച്ചത് തൊഴുത്തിനോട് ചേർന്നുള്ള ഒരു മുറിയാണ്. ഏറിയ കഷ്ട പ്പാടുകൾ അനുഭവിച് താൻ അവിടെ താമസിച്ച് പ്രവർത്തിച്ചു. ഒരിക്കൽ പ്രവർത്തനം കഴിഞ്ഞു വന്നപ്പോൾ തന്റെ മുറിയിൽ ഒരു മൂർഖൻ പാമ്പ്. ധൈര്യത്തോടെ താൻ അതിനെ തല്ലിക്കൊന്നു. പല ദിവസങ്ങളിലും കഴിക്കാൻ ആഹാരമില്ലാതെ കടുംകാപ്പി മാത്രം കഴിച്ച സന്ദർഭങ്ങൾ. 25 കിലോമീറ്റർ ദൂരം വരെ സൈക്കിൾ ചവിട്ടി പോയി പ്രവർത്തനം കഴിഞ്ഞ്, അനന്തരം രാത്രി യോഗവും കഴിഞ്ഞു മടങ്ങി വരുമായിരുന്നു. ചെരിപ്പു പോലും ഇടാതെ യാണ് ഹൈറേഞ്ചിലെ കുന്നും മലകളും കയറിയിറങ്ങി കർതൃവേല ചെയ്തു പോന്നത്.

ബ്രദർ ഗബ്രിയേലിന് തക്കതുണയായിരിപ്പാൻ ദൈവം നൽകിയ മഹിളാരത്നമാണ് സഹോദരി മേരിക്കുട്ടി. ഇവരുടെ വിവാഹ ശുശ്രൂഷ നിർവഹിച്ചത് ചാത്തന്നൂർ പി.എ.ജോൺ സാറാണ്. ഈ കുടുംബത്തിന് ബീന, ബ്ലസ്സൻ എന്നീ രണ്ട് ഒലിവ് തൈകൾ നൽകി ദൈവം അനുഗ്രഹിച്ചു.

ഏറിയ വർഷങ്ങളായി താൻ പുല്ലാട്, പൂവത്തൂർ രെഹബോത്ത് ബ്രദറൺ സഭയുടെ സുവിശേഷകനായി ശുശ്രൂഷകൾ ചെയ്തു വരവേ, പൊടുന്നനെയാണ് താൻ കടന്നുപോയത്. രെഹബോത്ത് അസംബ്ലി ഈ മിഷനറി കുടുംബത്തെ ഏറെ സ്നേഹിക്കുകയും ആവോളം കരുതുകയും ചെയ്തിട്ടുണ്ട്. 2022 ഒക്ടോബർ അവസാന ദിവസം,തന്റെ ഇഹലോക വാസത്തിനവസാന ദിവസമാണെന്നാരറിഞ്ഞു??? അന്നു വൈകിട്ട് തന്റെ ഒരു സഭാംഗത്തിന്റെ വീട് സന്ദർശിച്ച് പ്രാർത്ഥിച്ചു മടങ്ങവേ രാത്രി 9 മണിക്ക് ശേഷം ഒരു ആക്സിഡന്റ് ഉണ്ടായി. മടങ്ങിവന്ന് കുടുംബ പ്രാർത്ഥനയ്ക്ക് ശേഷം വിശ്രമിക്കാം എന്ന് ആഗ്രഹിച്ച ഗബ്രിയേലിനെ വഴിമധ്യേ വെച്ച് മിഖായേൽ സ്വർഗീയ കുടുംബത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി . താൻ ഇമ്പങ്ങളുടെ പറുദീസയിൽ എത്തി . ദൈവജനത്തിന് അവരുടെ ലംഘനത്തേയും, യാക്കോബ് ഗൃഹത്തിന് അവരുടെ പാപങ്ങളെയും അറിയിച്ച ബ്രദർ ഗബ്രിയേൽ, കാലാവസാനത്തിങ്കൽ തന്റെ ഓഹരി പ്രാപിപ്പാൻ എഴുന്നേറ്റു വരുന്നതു വരെ ഇനി വിശ്രമം തിരുമാർവ്വിൽ... ഹല്ലേലൂയ്യാ.....

നമ്മുടെ കർത്താവ്, പ്രധാന ദൂതനായ ഗബ്രിയേലിന്റെ ശബ്ദത്തോടെ മടങ്ങിവരുന്ന നാളിൽ എനിക്ക് പ്രിയനായ കർതൃദാസൻ ബ്രദർ കെ.സി. ഗബ്രിയേലിനെയും കാണും ഞാൻ അന്ന് തേജസ്സോടെ........ആമേൻ.

# ഒരു അനുസ്മരണം : കർതൃദാസൻ കെ.സി. ഗബ്രിയേൽ



കെ.എം. ബേബി, വാളറ

തിരുവനന്തപുരം ജില്ലയിൽ, കാട്ടാക്കട കട്ടക്കോട് ശാലേം വീട്ടിൽ ചെല്ലയ്യ പ്രസംഗിയാരുടെയും റിബേക്കയുടേയും അഞ്ചുമക്കളിൽ ഇളയവനായി ഗബ്രിയേൽ ജനിച്ചു. മാതാപിതാക്കൾ 'സാംകുട്ടി' എന്ന് ഓമനപ്പേരിട്ട് വളർത്തി. തികഞ്ഞ ആത്മീയ അന്തരീക്ഷത്തിലും, ദൈവഭക്തിയിലും വളർത്തപ്പെട്ട നമ്മുടെ കഥാപുരുഷൻ ചെറുപ്പകാലത്ത് തന്നെ രക്ഷാ നിർണയം പ്രാപിച്ചു. ആദരണീയനായ തിരുമല ശ്രീ സി.ശമുവേൽ അച്ചായൻ അവർകളുടെ കൈക്കീഴിൽ സ്നാനമേറ്റു. തുടർന്ന് കട്ടയ്ക്കോടുള്ള സ്ഥലം സഭയോട് ചേർന്ന് കർത്താവിനെ ആരാധിച്ചു പോന്നു.

തിരുവചന പഠനത്തിനായുള്ള തന്റെ ആഗ്രഹം നിമിത്തം താൻ ചാത്തന്നൂർ ബാപ്റ്റിസ്റ്റ് ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. ഈ പഠനകാലം തന്റെ ജീവിതത്തിലെ ഒരു സുവർണ്ണ കാലമായിരുന്നു. പ്രസിദ്ധ വേദപണ്ഡിതന്മാർ ആയിരുന്ന പന്തളം. സി.വി. ജോർജ്, കെ.സി. തോമസ്, എം.എം. സഖറിയ, ഇ.കെ. ജോർജ്, പള്ളം വർഗീസ് മുതൽ പേരായിരുന്നു തന്റെ വേദഅധ്യാപകർ.

ബൈബിൾ സ്കൂൾ പഠനാനന്തരം ബ്രദർ ഗബ്രിയേൽ പലസ്ഥലങ്ങളിൽ കർതൃവേല ചെയ്തു. ജനങ്ങളുമായി അടുത്തിട പഴകുവാനും, അവരുമായി ഏറെ സൗഹൃദം സ്ഥാപിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ആളാംപ്രതി വേലയ്ക്ക് ഈ ദൈവഭൃത്യനിൽ ഏറെ ദൈവകൃപ വ്യാപരിച്ചിരുന്നു. താൻ കൊയ്തു കൂട്ടിയ കറ്റകളുടെ എണ്ണം നിത്യത വെളിപ്പെടുത്തും തീർച്ച. നാലാൾ കൂടുന്ന ഏത് കവലകളിലും സുവിശേഷം അറിയിപ്പാൻ വ്യഗ്രതയുള്ളവനായിരുന്നു ഈ സുവിശേഷകൻ. പരസ്യയോഗങ്ങളിൽ ശ്രോതാക്കളെ പിടിച്ചുനിർത്തുവാനുള്ള തന്റെ കഴിവ് അപാരം തന്നെ .ഇദ്ദേഹത്തിന്റെ ശബ്ദഗാംഭീര്യവും, അവതരണ മികവും ആരേയും ഹഠാൽ ആകർഷിച്ചിരുന്നു. സുവിശേഷത്തെകുറിച്ച് ലജ്ജ ഇല്ലാതിരുന്ന ബ്രദർ ഗബ്രിയേൽ, തീ തൊസിനെപ്പോലെ കർതൃവേലയിൽ അത്യുത്സാഹിയായിരുന്നു.

സുവിശേഷ പ്രവർത്തന നാളുകളിൽ ഈ ദൈവദാസൻ അനുഭവിച്ച പട്ടിണിയും പരിവട്ടവും എത്രത്തോളമായിരുന്നു എന്ന് വിവരിപ്പാൻ വേണ്ടുവോളും ഉണ്ടെനിക്ക് .ആരോടും പരിഭവമില്ലാതെയും, ഒരു പരാതിയും മറ്റാരോടും പറയാതെയും എല്ലാം ക്രിസ്തുനിമിത്തം എന്നു മാത്രംകരുതി വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിച്ചും,സ്വർഗീയൻ ഏൽപ്പിച്ച ശുശ്രൂഷകൾ ചെയ്തും പോന്നു. 40 വർഷം ദൈർഘ്യമുള്ള ഞങ്ങളുടെ പരിചയത്തിൽ നിന്ന് ഓർത്തെടുക്കാൻ ഒത്തിരി അനുഭവങ്ങളും,

▶▶6

## ▶▶1 യോസേഫിന്റെ ജീവിത വിശുദ്ധി ....

ു വരുന്നത്. **ഒന്ന്-ഭരണാധികാരിയെന്ന നിലയിൽ മിസ്രയീം ദേശത്തിന്റെ സ്പന്ദനം അറിയുവാൻ; രണ്ട് - സ്വപ്നത്തിലൂടെ ദൈവം വെളിപ്പെടുത്തിയ ക്ഷാമത്തെ നേരിടുവാനുള്ള നിയോഗം പൂർത്തിയാക്കുവാൻ.**

ഭരണാധികാരി എന്ന നിലയിൽ തന്റെ ജനത്തിന്റേയും ദേശത്തിന്റേയും അവസ്ഥയറിയുവാൻ യോസേഫിന് ഉത്തരവാദിത്തമുണ്ടായിരുന്നു. കർത്തൃശുശ്രൂഷകൻമാരെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമേറിയ ഒരു വസ്തുതയിലേക്കാണീക്കാര്യം വിരൽ ചൂണ്ടുന്നത്. ദൈവം നമ്മെ ഏൽപ്പിച്ചിട്ടുള്ള ആത്മീകഗൃഹമായ ദൈവസഭയുടെ സ്പന്ദനങ്ങൾ അറിയുവാൻ നമുക്ക് കഴിയണം. എങ്കിൽ മാത്രമെ കർത്താവിന്റെ സന്നിധിയിൽ ലജ്ജിക്കാതെ നിൽക്കുവാനും കണക്കുകൊടുക്കുവാനും നമുക്ക് സാധിക്കുകയുള്ളൂ. അപ്പോസ്തോലനായ പത്രൊസിന് കർത്താവു കൊടുക്കുന്ന കല്പന നമുക്ക് യോഹന്നാന്റെ സുവിശേഷത്തിൽ കാണാം. 'എന്റെ കുഞ്ഞാടുകളെ മേയ്ക്ക' 'എന്റെ ആടുകളെ പാലിക്ക' (21:15,16,17) നമ്മെ ഏൽപ്പിച്ചിട്ടുള്ള ദൈവസഭയാകുന്ന ആട്ടിൻകൂട്ടത്തെ മേയ്ക്കുവാനും പാലിക്കുവാനും ഏറെ ഉത്തരവാദിത്വമുണ്ട്. അപ്പോൾ തന്നെ ഓരോ ദൈവപൈതലിനും ഉള്ള വലിയ ഒരു ശുശ്രൂഷയെക്കുറിച്ചും ഓർമ്മപ്പെടുന്നു. ദേശത്തെ നശിച്ചുപോകുന്ന ആത്മാക്കൾക്കായി ഭാരത്തോടെ പ്രാർത്ഥിക്കുകയും ആവോളം സുവിശേഷീകരണത്തിൽ പങ്കുള്ളവരാകുകയും ചെയ്യുക.

സ്വപ്നത്തിലൂടെ വെളിപ്പാട് കിട്ടിയ ദൈവീക മുന്നറിപ്പനുസരിച്ച് മിസ്രയീം ദേശത്തും ഭൂതലത്തിലേക്കും ഉണ്ടാകാൻ പോകുന്ന ക്ഷാമത്തെ നേരിടുവാനുള്ള മുന്നൊരുക്കൾ എത്രയും പെട്ടെന്ന് യോസേഫിന് പൂർത്തിയാക്കണമായിരുന്നു. വരുവാൻ പോകുന്ന വലിയ ക്ഷാമത്തെക്കുറിച്ചുള്ള ചിന്ത യോസേഫിന്റെ ഹൃദയത്തെ ഭരിച്ചു. നാല്പത്തിയൊന്നാം അദ്ധ്യായത്തിൽ ഒടുവിലത്തെ ഭാഗങ്ങളിൽ എത്ര വലിയ ഒരുക്കങ്ങളാണ് ക്ഷാമത്തെ നേരിടുവാൻ യോസേഫ് എന്ന ഭരണാധികാരി മുൻകൈയെടുത്ത് നടപ്പിലാക്കിയത്.. ഈ വിവേകം തനിക്ക് എവിടെ നിന്ന് ലഭിച്ചു? മിസ്രയീം രാജാവായ ഫറവോന്റെ മുമ്പാകെ നിൽക്കുമ്പോൾ അവനു കേവലം മുപ്പതുവയസ്സു മാത്രം (വാക്യം 45). തന്റെ പ്രായത്തിൽ ഉപരിയായി വലിയ ശുശ്രൂഷകൾ കർത്താവ് യോസേഫിനെ ഏൽപ്പിച്ചു., ദൈവത്തിൽ ആശ്രയിക്കുകയും ദൈവം ശുശ്രൂഷ ഏൽപ്പിക്കുകയും ചെയ്യുന്നവർക്ക് അത് പൂർത്തീകരിക്കുവാനുള്ള ജ്ഞാനവും വിവേകവും കൃപയും കഴിവും സ്വർഗ്ഗം തന്നെ തരും എന്നതിന്റെ ഉത്തമ ഉദാഹരണമല്ലേ ഈ തിരുവചന ഭാഗത്തെ വിവരങ്ങൾ? മിസ്രയീം എന്ന മഹാസാമ്രാജ്യത്തിന്റെ കണ്ണുകൾ എല്ലാം ഇപ്പോൾ യോസേഫിലേക്കാണ്; ഇതാണ് കർത്താവ് വരുത്തുന്ന വലിയമാറ്റം!

ദൈവം യോസേഫിനെ മിസ്രയീമിലെ രണ്ടാമൻ ആക്കി ഭരണ സാരഥ്യം ഏറ്റെടുത്ത യോസഫ് ഭരണത്തിന്റെ സുഖം തേടിയില്ല; അധികാരത്തിന്റെ മേച്ചിൽപ്പുറങ്ങൾ തേടിയില്ല.... വേഗം ഏൽപ്പിക്കപ്പെട്ട നിയോഗത്തിലേക്ക് കടക്കുകയായിരുന്നു. പ്രിയരെ താങ്കളുടെ മനം ഏതു കാര്യത്തിലാണ്. ശ്രദ്ധ കേന്ദ്രീകരിക്കുന്നത്? ദൈവം ഏൽപ്പിച്ച ഉത്തരവാദിത്വങ്ങളിലാണോ? വിശ്രമിക്കുവാൻ തെല്ലും നേരമില്ലാതെ ഏൽപിക്കപ്പെട്ട നിയോഗനിർവഹണത്തിനു പൂർണ്ണമനസ്സോടു യോസേഫ് തയ്യാറായി എന്നുള്ളത് എത്ര ശ്ലാഘനീയമാണ്. ഒരു ഭക്തന് ഇവിടെ വിശ്രമമില്ല., അത് നിത്യനാട്ടിലാണ്. ദൈവം ദാനമായി നൽകിയ ഓരോ നിമിഷത്തിനും നാം കണക്കുകൊടുക്കേണ്ടതാണ് എന്നുള്ളത് മറക്കരുത് ചെറിയാൻ സാർ ഇങ്ങനെ പാടി

*കത്തിത്തീർന്നൊരു കൈത്തിരിപോൽ*
*പൂത്തുപെഴിഞ്ഞൊരു പൂവെപോൽ*
*എത്തിത്തിരികെ വരാതെ പോം*
*കർത്തവ്യത്തിൻ നാഴികകൾ*
*(ഇരവിന്നിരുൾന്നിരാ....)*

ഏതെങ്കിലും തരത്തിൽ അല്പം വീഴ്ചയോ, താമസമോ യോസേഫിനു വന്നിരുന്നുവെങ്കിൽ ദൈവമുമ്പാകെ മാത്രമല്ല, ജനമദ്ധ്യത്തിലും ഫറവോന്റെ മുന്നിലും എല്ലാം ലജ്ജിതനായിത്തീരുമായിരുന്നു. എന്നാൽ ദൈവകൃപയിലാശ്രയിച്ചുകൊണ്ട് പഴുതടച്ച ദൗത്യനിർവ്വഹണം യോസഫ് കാഴ്ചവെച്ചു. പ്രിയപ്പെട്ടവരെ നാം വരുത്തുന്ന വീഴ്ചകൾ ദേശത്തെ ദു:സ്ഥിതിയിലാക്കും; അത് വരരുത്; നമുക്കുണരാം. 2 രാജാക്കന്മാർ ഏഴാം അദ്ധ്യായത്തിലെ കുഷ്ഠരോഗികളായ നാലുപേരെയാണ് ദൈവാത്മാവ് ഹൃദയത്തിൽ പ്രകാശിപ്പിക്കുന്നത്. അവരുടെ വാക്കുകൾ, ഉത്തരവാദിത്തബോധം നിറഞ്ഞതായിരുന്നു. "പിന്നെ അവർ തമ്മിൽ തമ്മിൽ : നാം ചെയ്യുന്നത് ശരിയല്ല; ഇന്നു സദ്വർത്തമാനദിവസമല്ലോ; നാമോ മിണ്ടാതികിക്കുന്നു; നേരം പുലരുംവരെ നാം താമസിച്ചാൽ നമുക്ക് കുറ്റം വരും; ആകയാൽ വരുവിൻ; നാം ചെന്ന് രാജധാനിയിൽ അറിവ് കൊടുക്കുക എന്ന് പറഞ്ഞു. (വാക്യം 9). കുറ്റം വരാതിരിക്കേണ്ടതിന് നമുക്കും കർത്തൃസന്നിധിയിൽ ദൈവം ഏൽപിച്ച കാര്യങ്ങളിൽ ഉറ്റിരിക്കാം; കർത്താവിൽ ആശ്രയിക്കാം. ദൈവം ബലപ്പെടുത്തട്ടെ.

## ▶▶1 BRETHREN DISTINCTIVES

son co equal with the Father and the Son.

While each person is spoken of as God, this does not mean that there are three Gods. On the contrary, God is one as we read in 1Timothy 2:5 that "For there is one God, and one mediator between God and men, the man Christ Jesus". Thus the right doctrine of God should take these two factors into account that God is one but also that He is spoken of as three co equal and co eternal persons. This is reconciled into a unified vision when we say that we believe in one God who eternally exists in three persons in such a manner that it is not three Gods but rather three persons but one God.

The doctrine of Trinity has given difficulty to many who have tried to understand the three in one and one in three concept of the Bible. This difficulty arises when humans try to understand Trinity using strictly human logic. Most of them overlook the fact that when the finite man tries to understand the infinite God, difficulties are bound to arise. More so if he tries to understand the divine in terms of human logic, concepts, and terminology. Thus Trinity is something to be believed, based upon what the Bible says. It is not something to be explained using human logic.

Deliberate insistence upon human logic is the reason why many erroneous teachings have come up about Trinity. There are many groups that deny the divinity of Jesus, and accept only the Father as God. There is a cult known as Jesus only that says that there is only one person -- Jesus -- and that Father and Holy Spirit are the different form of Lord Jesus. These people develop these deviations when they ignore a large number of statements that are scattered all over the Bible about all the three persons in the Godhead.

This is not to imply that we should not try to understand or explain Trinity. On the contrary, one can definitely try to understand Trinity as much as a good analysis of the Bible can help oneself. The restriction comes when when are unable to understand a given point. At that juncture we should choose to believe what the Scripture says, instead of substituting a wrong or distorted human message.[The author is an Evangelist and committed defender of faith]

# നിത്യതയിൽ



എബ്രഹാം തോമസ്




ബേബി പി.എ.



ഈപ്പൻ എബ്രഹാം



ഇ.എം. ജോയിക്കുട്ടി



കെനിത്ത് മാത്യു



സാറാമ്മ സാമുവേൽ



വി.എ. മത്തായി

**CHRISTHEEYA DARSANAM**
KALLOTH RIVER VIEW
VADASSERIKKARA, PATHANAMTHITTA DIST.
KERALA-689 662
email: **cdranni2020@gmail.com**

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM
ഒരു ബ്രദറൺ സഭാ വാർത്താ പത്രം

നവംബർ – 2022
ഒറ്റ പ്രതി: ₹15
Reg. No. **KER/BIL/ 2008 / 26466**
Licence No. **KL /PTA/ 89/ 2020-2022**
**Published on 14th November 2022**
Posted on 16th **November 2022 at RMS Thiruvalla**


# BELIEVERS BIBLE CONFERENCE

FORMERLY THE RISE UP CONFERENCE

YOUTH FOCUS
CHILDREN'S PROGRAMS
NURSERY

## DECEMBER 27-30, 2022

Tuesday 5:30 p.m. to Friday 11:00 a.m.

## ONE BODY. ONE LIFE.

CAMP COPASS, DENTON, TEXAS
8200 E McKinney Street I Denton I Texas I 76208

KEYNOTE SPEAKERS:



J. MERCER ARMSTRONG
DR. STEVE PRICE
THOMAS SCHETELICH

YOUTH SPEAKERS:



BRADY COLLIER
CRAIG FRITCHEY
JON GLOCK

SEMINAR SESSION SPEAKERS

MIKE ATTWOOD, MATTHEW HUNT, STEVE CALDWELL, NANCY TROGDON
REX TROGDON, DR. STEVE PRICE, CRAIG FRITCHEY, SHERRY THOMAS
ALEXANDER KURIAN, J. MERCER ARMSTRONG, THOMAS SCHETELICH, DAVID DIXON JR.
JON GLOCK, BOB UPTON, JULIE KURIAN, ERIC SMITH

SOUND BIBLE TEACHING, YOUTH PROGRAMS, CHILDCARE IN A SERENE LOCATION, COMFORTABLE ACCOMMODATIONS, GOOD FOOD, AND ENCOURAGING FELLOWSHIP

REGISTER AT BELIEVERSBIBLECONFERENCE.ORG

Payment may be made via credit card during online registration OR register online then send a CHECK in the mail to BELIEVERS BIBLE CONFERENCE C/O ROJI VARGHESE, 7923 SOUTHFORK BEND, IRVING, TX 75063.
All checks should be made payable to “Believers Bible Conference Inc.”
QUESTIONS? Email bibleconferences@gmail.com or text 469-628-1266
Reserve an Expo Booth: Email daviddixon_21@me.com

GOSPEL Hall
Pathanamthitta

പത്തനംതിട്ട സുവിശേഷാലയത്തിന്റെ ചുമതലയിലും, പ്രാദേശിക ബ്രദറൺ സഭകളുടെ സഹകരണത്തിലും നടത്തപ്പെടുന്ന

# പത്തനംതിട്ട ബ്രദറൺ കൺവൻഷൻ 2022

2022 ഡിസംബർ
18 മുതൽ 25 വരെ
വൈകിട്ട് 6 മുതൽ 8 വരെ
സുവിശേഷാലയം പത്തനംതിട്ട



Come and be blessed

## “വിരുതിനായ് ഓടുക”

'...ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്കു ഓടുന്നു.' ഫിലിപ്പിയർ 3: 14

പകൽയോഗങ്ങൾ

21 ബുധൻ – സോദരി സമാജം
22 വ്യാഴം – യുവജന സംഗമം
23 വെള്ളി – കുടുംബ സംഗമം
24 ശനി – പ്രാർത്ഥന യോഗം

പ്രസംഗകർ
ബിനു സാമുവേൽ, സജി എ. ജെ,
കെ. സി ജോൺസൻ, തോംസൺ ബി. തോമസ്
ആൽബർട്ട് സുനിൽ, ജോസ് മാത്യൂസ്,
ജോൺ കുര്യൻ

ഗാനശുശ്രൂഷ
ജെയ്സൺ കെ ജോർജ്, ആലിച്ചൻ ആന്റണി,
ഷാജു ചണ്ണപ്പേട്ട

കർത്താവിൽ പ്രിയരെ,
ക്രിസ്തീയ ജീവിതം ഒരു ഓട്ടക്കളമാണ്. സാത്താന്റെ ബന്ധനത്തിൽ നിന്നും, ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ വിടുതൽ നേടിയ നാം, സമ്പൂർണ വിരുതിനായി ഓരോ നിമിഷവും മുൻപോട്ട് കുതിക്കണം. അതാണ് നമ്മെക്കുറിച്ചുള്ള ദൈവഹിതം. വിരുതിനായുള്ള ഓട്ടത്തിൽ നമുക്ക് കൈചൂണ്ടിയായി, 2022 ഡിസംബർ 18 ഞായർ സായാഹ്നം മുതൽ 24 ശനി സായാഹ്നം വരെ, പത്തനംതിട്ട സുവിശേഷാലയത്തിൻെറ ചുമതലയിലും സമീപ പ്രദേശങ്ങളിലെ ബ്രദറൺ സഭകളുടെ സഹകരണത്തിലും പത്തനംതിട്ട കൺവൻഷൻ നടത്തപ്പെടുകയാണ്. അനുഗ്രഹീത കർത്തൃദാസന്മാർ ഈ വിഷയത്തെ അധികരിച്ചു ദൈവ വചനം ശുശ്രൂഷിക്കുന്നതാണ്. ഏവരേയും ഈ വചനപ്രഘോഷണ വേദിയിലേക്ക് ഞങ്ങൾ സസന്തോഷം സ്വാഗതം ചെയ്യുന്നു. പ്രാർത്ഥനയോടു കൂടെ സംബന്ധിക്കുക.

YouTube
Livestreaming on
Youtube Chanel: GOSPEL HALL PATHANAMTHITTA
www.youtube.com/c/GOSPELHALLPATHANAMTHITTA
For more details : 98467 78283, 81568 09892, 99613 18605, 94472 90100

കൺവൻഷൻ കമ്മറ്റിക്കു വേണ്ടി
കെ. എ.ഫിലിപ്പ്, റോയി മാത്യൂസ്, ഒ. റ്റി.ചെറിയാൻ,
ടി. ജി മാത്യു (ജന. കൺവീനർ), പി. സി ജോസ് (ജോ. കൺവീനർ)

## കുമ്പനാട് ബ്രദറൺ മേഴ്സി ഹോമിലേക്ക് ജോലിക്കാരെ ആവശ്യമുണ്ട്.

കുമ്പനാട് ബ്രദറൺ മേഴ്സി ഹോമിൽ അസിസ്റ്റന്റ് മേട്രൺ തസ്തികയിലേക്ക് ഒരു സഹോദരിയെ അടിയന്തിരമായി ആവശ്യമുണ്ട്. മേഴ്സി ഹോമിൽ താമസിച്ചു ജോലി ചെയ്യുവാൻ താല്പര്യമുള്ള സേവന തല്പരരായ സഹോദരിമാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ആരോഗ്യമുള്ളവരും 60 വയസ്സിൽ താഴെ പ്രായമുള്ള രക്ഷിക്കപ്പെട്ടവരുമായ സ്ത്രീകളെ ആണ് പരിഗണിക്കുന്നത്. മെഡിക്കൽ പശ്ചാത്തലമുള്ളവർക്കു മുൻഗണന.

മേഴ്സിഹോമിൽ അന്തേ വാസികളുടെ പരിചരണത്തിനായി ഒരു സ്ത്രീയെ ആവശ്യമുണ്ട്.

തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ന്യായ മായ ശമ്പളം ലഭിക്കുന്നതാണ്. അനേഷണങ്ങൾക്ക് ബന്ധപ്പെടുക.

പ്രസിഡന്റ് 94474 08205
സെക്രട്ടറി 94009 71031


Printed, Published & Owned by Raju K. Thomas and Printed at Rashtra Deepika Press Kottayam, Kerala. Pin: 689662
Published from Raju K. Thomas, Kalloth River View, Vadasserikkara P.O., Pathanamthitta Dist. Kerala 689662, Editor : Saji John